"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

*Vol. XXXVII* *2009 October* *No. 10*
വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................ | 743 |
| പരി.പിതാവിന്റെ സന്ദേശം ........................................ | 753 |
| വൈദീകവർഷം ........................................ | 759 |
| രൂപതാ കച്ചേരി വാർത്തകൾ ........................................ | 760 |
| റീജിയണൽ വാർത്തകൾ ........................................ | 762 |
| മതബോധനരംഗം ........................................ | 764 |
| ചെറുപുഷ്പമിഷൻലീഗ് ........................................ | 767 |
| കെ. സി. വൈ. എം. ........................................ | 778 |
| കുടുംബപ്രേഷിതത്വം ........................................ | 784 |
| സിയോൻ വാർത്തകൾ ........................................ | 788 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................................ | 792 |
| കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................................ | 794 |
| സാമൂഹ്യ സേവനരംഗം ........................................ | 796 |
| അറിയിപ്പുകൾ ........................................ | 802 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ | 804 |
| ബിഷപ്സ് പ്രോഗ്രാം ........................................ | 805 |

# സർക്കുലർ

## 17 –ാമത് സീറോമലബാർ സിനഡ്
## ഓഗസ്റ്റ് 17 – 28, 2009

സീറോമലബാർ സഭാ മെത്രാന്മാരുടെ 17 –ാമത് സിനഡ് 2009 ആഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിക്കുകയുണ്ടായി. സഭാപരവും സാമൂഹിക വുമായ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സിനഡിൽ വിശദമായ ചർച്ച കളും പഠനങ്ങളും നടന്നു. പല കാര്യങ്ങളിലും സിനഡ് തീരുമാനങ്ങ ളെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇക്കാര്യ ങ്ങളെക്കുറിച്ച്

**എല്ലാ സീറോമലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പുറപ്പെടുവിക്കുന്ന സർക്കുലറാണിത്.**

ബഹു. വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

സീറോമലബാർ മെത്രാന്മാരുടെ 17 –ാമത് സിനഡ് ഇക്കഴിഞ്ഞ ആഗസറ്റ് 17 മുതൽ 28 വരെയുള്ള തീയതികളിൽ സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം സന്തോഷപൂർവ്വം ഞാൻ നിങ്ങളെ അറിയിക്കുന്നു. മെത്രാന്മാരായ ഞങ്ങളെല്ലാവരും ഒന്നുചേർന്ന് പ്രാർത്ഥിച്ചും, ധ്യാനിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും ആത്മീയമായി ഒരുങ്ങിയാണ് സിനഡിലേക്ക് ഔദ്യോഗികമായി പ്രവേശിച്ചത്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും സ്നേഹവും ഐക്യവും ആഴത്തിൽ വളർത്താനും, സഭയുടെ അജപാലന പ്രവർത്തനങ്ങൾ ഫലപ്രദ മാക്കാനും, പ്രതിസന്ധികളെല്ലാം തരണം ചെയ്ത് മുന്നേറാനും ഞങ്ങൾ തീക്ഷ്ണതയോടെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

മെത്രാന്മാരെല്ലാവരും തങ്ങളുടെ രൂപതകളിലെ അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് ഹ്രസ്വമായ വിവരണങ്ങൾ നൽകിയത് ഏറെ പ്രയോജനകരമായി അനുഭവപ്പെട്ടു. അജപാലന ശുശ്രൂഷയുടെ

വൈവിധ്യവും ഈ രംഗത്ത് സഭ നേരിടുന്ന വെല്ലുവിളികളും വെളിപ്പെടുത്തുന്നവയായിരുന്നു ഈ അവലോകനം. വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ വിശുദ്ധപദപ്രഖ്യാപനം നമ്മുടെ സഭയ്ക്ക് പ്രത്യേകിച്ചും, ഭാരതത്തിന് പൊതുവെയും ഏറ്റവും സന്തോഷപ്രദവും അനുഗ്രഹദായകവുമായ സംഭവമായി നന്ദി നിറഞ്ഞ ഹൃദയത്തോടെ മെത്രാന്മാരായ ഞങ്ങൾ അനുസ്മരിക്കുകയുണ്ടായി. വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദി സ്മാരകമായി കേന്ദ്ര സർക്കാർ നാണയമിറക്കാൻ ഇടയാക്കിയത് ഒരു പ്രധാന സംഭവമായി.

സിനഡിന്റെ നാളിതുവരെയുള്ള പ്രവർത്തനം സമഗ്രമായ അവലോകനത്തിനും വിലയിരുത്തലിനും വിധേയമാക്കി. കൂടുതൽ കാര്യക്ഷമമായ നടത്തിപ്പിന് അത് വെളിച്ചവും പ്രചോദനവും നൽകി.

ചെറുപുഷ്പ മിഷൻ ലീഗിന്റ സഹസ്ഥാപകനായ കുഞ്ഞേട്ടൻ എന്നു വിളിക്കപ്പെടുന്ന പി. സി. എബ്രാഹം പല്ലാട്ടുകുന്നേലിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തുകയും പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ തീക്ഷ്ണമായ പ്രേഷിത സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും ചെയ്തു.

**ആരാധനക്രമം**

സീറോമലബാർ ആരാധനക്രമത്തിലെ പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ, ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ എന്നിവയുടെ ക്രമങ്ങൾ നവീകരിച്ച് പ്രാബല്യത്തിലാക്കാൻ സാധിച്ചു എന്നത് ഏറെ സന്തോഷത്തോടെ അറിയിക്കട്ടെ. ദീർഘനാളായി നടത്തിയ പഠനത്തിനും ചർച്ചകൾക്കും ശേഷം സിനഡുപിതാക്കന്മാർ ഏകകണ്ഠമായി അംഗീകരിച്ച ഈ ആരാധനാഗ്രന്ഥങ്ങൾക്ക് പരിശുദ്ധ സിംഹാസനവും അംഗീകാരം നൽകുകയും, ഉപയോഗിക്കുന്നതിനായി നാമിപ്പോൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ ഗ്രന്ഥങ്ങൾ തയ്യാറാക്കാൻ നേതൃത്വം നൽകുകയും അദ്ധ്വാനിക്കുകയും ചെയ്ത കമ്മീഷൻ അംഗങ്ങളെയും കേന്ദ്ര ലിറ്റർജി കമ്മിറ്റി അംഗങ്ങളെയും ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. നമ്മുടെ സഭയിലാകമാനം ഈ ക്രമങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. ദേവാലയ കൂദാശയുടെ നവീകരിക്കപ്പെട്ട ക്രമം സിനഡ് പിതാക്കന്മാർ സമഗ്രമായി പരിശോധിക്കുകയും ചില തിരുത്തലുകളോടെ അംഗീകരിക്കു

കയും ചെയ്തു. ഇവയ്ക്ക് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിച്ചതിനുശേഷമായിരിക്കും നാം നടപ്പിലാക്കുന്നത്. കൂദാശ ചെയ്യാത്ത ബലിപീഠങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കേണ്ടിവരുമ്പോൾ കൂദാശ ചെയ്ത ദപ്പാ ഉപയോഗിക്കേണ്ടതാണ്. സന്യാസഭവനങ്ങൾ ആശീർവ്വദിക്കുന്നതിനുള്ള ഒരു ക്രമം തയ്യാറാക്കുന്നതിനുള്ള തീരുമാനവും സിനഡ് എടുക്കുകയുണ്ടായി.

ആരാധനക്രമവുമായി ബന്ധപ്പെട്ട് എല്ലാവരും അറിഞ്ഞിരിക്കേണ്ട മറ്റു ചില കാര്യങ്ങളും സിനഡ് പരിഗണിക്കുകയുണ്ടായി. വി. കുർബാന അർപ്പിക്കുവാൻ സ്ഥിരമായി ഉറപ്പിക്കപ്പെട്ട ബലിപീഠം കൂദാശ ചെയ്യുന്നതിന് ദൈവാലയ കൂദാശയുടെ ക്രമം തന്നെ സ്വീകരിക്കേണ്ടതാണ്. ബലിപീഠം സ്ഥിരമായി ഉറപ്പിക്കപ്പെട്ടതല്ലെങ്കിൽ കപ്പേള ആശീർവ്വദിക്കുന്ന ക്രമം ഉപയോഗിച്ചാൽ മതിയാകും. ആരാധനാവൽസരത്തിനനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകളിൽ (പ്രോപ്രിയ) ഏവയൊക്കെ തൽക്കാലം കുർബാന തക്സയിൽ ചേർക്കണമെന്നും അവ ഉൾപ്പെടുത്തി തക്സ അച്ചടിക്കണമെന്നും തീരുമാനിച്ചു. ആവശ്യ സന്ദർഭങ്ങളിൽ സപ്രാ, റംശ നമസ്കാരങ്ങൾ ഉൾച്ചേർത്ത് വി. കുർബാന അർപ്പിക്കുന്നതിനുള്ള ക്രമം എപ്രകാരമായിരിക്കണമെന്നും നിശ്ചയിച്ചു.

പ്രധാനപ്പെട്ട അവസരങ്ങളിൽ ആഘോഷപൂർവ്വം കുർബാന അർപ്പിക്കുമ്പോൾ സഹകാർമ്മികരെല്ലാവരും മുഴുവൻ തിരുവസ്ത്രങ്ങളും ധരിക്കുന്നതാണ് ഏറ്റവും ഉചിതമെന്നുള്ള സിനഡ് തീരുമാനം നിങ്ങളെ അറിയിക്കുന്നു. മറ്റവസരങ്ങളിൽ സഹകാർമ്മികർ കൊത്തീനയും സൂനാറയും ഊറാറയുമെങ്കിലും ധരിച്ചിരിക്കേണ്ടതാണ്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ളോവയ്ക്കു പുറമെ ഊറാറ മാത്രം ധരിച്ചും സഹകാർമ്മികർ കുർബാന അർപ്പിക്കുന്നത് അനുവദിക്കുന്നു. വിവിധ റീത്തുകളിലെ വൈദികർ സമൂഹബലി അർപ്പിക്കുമ്പോൾ അത് മുഖ്യകാർമ്മികന്റെ റീത്തിലായിരിക്കണമെന്ന നിയമം പാലിക്കേണ്ടതാണ്. തദവസരത്തിൽ ഓരോരുത്തരും സ്വന്തം റീത്തനുസരിച്ചുള്ള തിരുവസ്ത്രങ്ങളണിയണമെന്നതാണ് സാധാരണ നിയമം എന്ന കാര്യവും ഓർമ്മിപ്പിക്കുന്നു. കുർബാനക്രമത്തെ സംബന്ധിച്ചിടത്തോളം ഇനിയും പരിഷ്ക്കരിക്കപ്പെടേണ്ട ഒരു പ്രധാന ഘടകം വേദപുസ്തക വായനകളാണ്. ഇപ്പോൾ നിലവിലിരിക്കുന്ന വായനകൾ ആവശ്യമെങ്കിൽ പരിഷ്ക്കരിക്കുന്നതിനും, പുതിയ ഒരു സെറ്റു വായനകൾ ക്രമപ്പെടുത്തുന്നതിനും ലിറ്റർജി കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇപ്ര

കാരം വായനകൾ തയ്യാറാക്കി അംഗീകരിച്ചതിനുശേഷം വായനാ ഗ്രന്ഥങ്ങൾ (lectionary) തയ്യാറാക്കുന്ന കാര്യം സിനഡ് പരിഗണിക്കുന്നതാണ്.

സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ പ്രാർത്ഥനകൾ ചൊല്ലുന്ന കാര്യത്തിൽ തക്സയിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ചില പ്രാർത്ഥനകൾ സഹകാർമ്മികർ നിയമാനുസൃതം ഒരുമിച്ച് ചൊല്ലുമ്പോഴും മുഖ്യകാർമ്മികന്റേതായിരിക്കണം ഉയർന്നുനിൽക്കുന്ന സ്വരം. സമൂഹബലിയിൽ സംബന്ധിക്കുന്ന വൈദികർ, അന്നുതന്നെ മറ്റൊരു കുർബാനയർപ്പിച്ച് കുർബാനധർമ്മം വാങ്ങിച്ചിട്ടുണ്ടെങ്കിൽ വീണ്ടും കുർബാനധർമ്മം സ്വീകരിക്കാൻ പാടില്ല. അജപാലനാവശ്യത്തിന്റെ പേരിൽ രണ്ടാമതോ മൂന്നാമതോ വിശുദ്ധ കുർബാന അർപ്പിക്കേണ്ടി വന്നാൽ അവയുടെ കുർബാന ധർമ്മം രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിലേക്ക് അർപ്പിക്കേണ്ടതാണ്.

മൃതസംസ്കാരത്തിന്റെ ലളിതരൂപം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രസംഗം, വിശുദ്ധ കുർബാന, മൈക്ക് എന്നിവ ഇല്ലാതിരിക്കുക; രണ്ടുമുത്തുക്കുടകൾ, ഒരു കുരിശ്, ഒരു വൈദികൻ മാത്രമായിരിക്കുക എന്നാണ്. ഇടർച്ച ഉണ്ടാക്കിയിട്ടുള്ള ആത്മഹത്യ ആണെങ്കിൽ മൃതസംസ്കാരത്തിന് ലളിതരൂപവും പാടില്ല. മൃതദേഹം പള്ളിയകത്ത് പ്രവേശിപ്പിക്കാൻ പാടില്ല; സംസ്കാരകർമത്തിനിടയ്ക്കല്ലാതെ മറ്റൊരവസരത്തിൽ ഒരു വൈദികന് കുഴിമാടം വെഞ്ചരിക്കാവുന്നതാണ്.

## പ്രവാസികളുടെ അജപാലനം

സീറോമലബാർ സഭയുടെ അജപാലനാധികാര അതിർത്തിയ്ക്ക് പുറത്ത് ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി കഴിയുന്ന സീറോമലബാർ വിശ്വാസികളുടെ അജപാലനസംബന്ധമായ പ്രശ്നങ്ങൾക്ക് സമുചിതമായ പരിഹാരം കണ്ടെത്തുന്നതിന് ദീർഘകാലമായി നാം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സുവിശേഷവൽക്കരണത്തിനും പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനത്തിനുംവേണ്ടിയുള്ള മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷൻ ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുകയും ആവശ്യമായ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള കാര്യം എല്ലാവരേയും അറിയിക്കുന്നു. എങ്കിലും പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഏറെയുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രവാസികൾക്ക് നൽകേണ്ട അജപാലനശുശ്രൂഷയെ

ക്കുറിച്ചും പുതിയ രൂപതകൾക്കുള്ള സാദ്ധ്യതകളേക്കുറിച്ചും ഞങ്ങൾ ചർച്ച ചെയ്തു. ഇക്കാര്യത്തിൽ ലത്തീൻ മെത്രാന്മാരുടെ സഹകരണം തേടിയുള്ള ചർച്ചകളും നടന്നുകൊണ്ടിരിക്കുന്നു. പ്രവാസികളുടെയിടയിൽ അജപാലന ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ടിരിക്കുന്ന നമ്മുടെ വൈദികർക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അജപാലന ശുശ്രൂഷയുടെ സഭാത്മക സ്വഭാവം സംരക്ഷിക്കുന്നതിന് ഇപ്രകാരമുള്ള ശ്രദ്ധ അനിവാര്യമാണല്ലോ. പ്രവാസികളുടെ അജപാലനപരമായ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാകുന്നതിന് വളരെയേറെ സഹിഷ്ണുതയും ആഴമായ സഭാവബോധവും തീക്ഷ്ണമായ പ്രാർത്ഥനയും എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും ഉണ്ടാവണം.

**പൊതുക്കാര്യങ്ങൾ**

സാമൂഹികവും രാഷ്ട്രീയവുമായ ആനുകാലിക വിഷയങ്ങൾ സമഗ്രമായ പഠനത്തിനും വിലയിരുത്തലിനും വിധേയമാക്കി, സഭയുടെ കാഴ്ചപ്പാടുകളുടെയും നിലപാടുകളുടെയും വെളിച്ചത്തിൽ പ്രതികരിക്കുന്നതിനും സമൂഹത്തെ ബോധവൽക്കരിക്കുന്നതിനുമായി ഒരു മാധ്യമ സമിതിക്ക് രൂപം കൊടുത്തിരിക്കുന്ന കാര്യവും നിങ്ങളെ അറിയിക്കുന്നു. ഈ സമിതിയുടെ കൺവീനറായിരിക്കും സീറോമലബാർ സഭയുടെ ഔദ്യോഗിക വക്താവായി പ്രവർത്തിക്കുന്നത്. ദൈവത്തോടും സമൂഹത്തോടും സഭാംഗങ്ങൾ കൂടുതൽ പ്രതിബദ്ധതയുള്ളവരാകണം. കുടുംബത്തകർച്ച, പ്രകൃതിമലിനീകരണം, പകർച്ചപ്പനി, ഗുണ്ടായിസം, മദ്യപാനം, അഴിമതി, ദൈവനിഷേധം മുതലായ വിഷയങ്ങളിൽ നാം സമൂഹത്തിന്റെ ധാർമ്മിക മനസാക്ഷിയായി വർത്തിക്കണം. സാമൂഹിക വിഷയങ്ങളെ സംബന്ധിച്ച് ബനഡിക്ട് 16-ാമൻ മാർപാപ്പയുടെ 'സത്യത്തിൽ സ്നേഹം' എന്ന ചാക്രികലേഖനം വ്യാപകമായ പഠനത്തിന് വിധേയമാക്കാൻ വൈദികരും മറ്റു ബന്ധപ്പെട്ടവരും നേതൃത്വം കൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർ സഭയിലെ മൂന്നാമത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി 2010 ഓഗസ്റ്റ് 20-22 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. മെത്രാന്മാരും വൈദികപ്രതിനിധികളും സന്യസ്തരുടെയും അല്മായരുടെയും പ്രതിനിധികളും പങ്കെടുക്കുന്ന ഈ

സമ്മേളനം ആഴമായ പഠനവിചിന്തനങ്ങളിലൂടെയും ആശയവിനിമയങ്ങളിലൂടെയും സഭയിൽ കൂടുതൽ പരസ്പര ധാരണയും സഹകരണമനോഭാവവും വളർത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷ. സീറോ മലബാർ സഭയുടെ അജപാലനാധികാരപരിധിക്കു പുറത്തു കഴിയുന്നവർക്കും ഉചിതമായ പ്രാതിനിധ്യം അസംബ്ലിയിൽ ഉണ്ടാകണമെന്നാണ് സിനഡിന്റെ ആഗ്രഹം. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് നിലവിലിരിക്കുന്ന നിയമാവലിയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. നടക്കാൻ പോകുന്ന അസംബ്ലിയെ സംബന്ധിച്ച വിശദാംശങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്.

## അന്തർദേശീയ അല്മായ സമ്മേളനം

സിനഡ് സമ്മേളിക്കുന്നതിനു മുമ്പ് അല്മായകമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിന അന്തർദേശീയ അല്മായ സമ്മേളനം വിജയകരമായി നടന്നു എന്ന കാര്യം സന്തോഷത്തോടെ അറിയിക്കുന്നു. അന്തർദേശീയ തലത്തിൽ പലയിടത്തായി കഴിയുന്ന സീറോമലബാർ അല്മായ സമൂഹങ്ങളുടെ പ്രതിനിധികൾ സഭാകേന്ദ്രത്തിൽ ഒന്നുചേർന്ന് സഭാപരവും സാമൂഹികവും അജപാലനപരവുമായ കാര്യങ്ങൾ പങ്കുവെയ്ക്കുകയും പരിചിന്തനം നടത്തുകയും ചെയ്തത് അല്മായർക്ക് സഭയോടുള്ള ബന്ധവും പ്രതിബദ്ധതയും വളർത്താൻ വളരെ സഹായിച്ചതായി എല്ലാവർക്കുംതന്നെ അനുഭവപ്പെട്ടു. ഇപ്പോൾ നിലവിലിരിക്കുന്ന വിവിധ അല്മായ സംഘടനകളെ ഏകോപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും അല്മായ കമ്മീഷൻ ഭാവിയിൽ ശ്രദ്ധിക്കണമെന്ന് പിതാക്കൻമാർ നിർദ്ദേശിക്കുകയുണ്ടായി.

2009 ഒക്ടോബർ 14-18 തീയതികളിൽ ബോംബെയിൽ നടക്കുന്ന ഇന്ത്യൻ മിഷൻ കോൺഗ്രസിന്റെ വിജയത്തിന് എല്ലാ രൂപതകളുടെയും സഹകരണവും പ്രാർത്ഥനയും ഞാനഭ്യർത്ഥിക്കുന്നു.

## സെമിനാരി പരിശീലനം

സിനഡിലെ ഏറെ പ്രാധാന്യം നൽകി ചർച്ചചെയ്ത മറ്റൊരു വിഷയം വൈദികവിദ്യാർത്ഥികളുടെ പരിശീലനമാണ്. സെമിനാരി റെക്ടർമാരുടെ സമ്മേളനത്തിൽ നടന്ന വിലയിരുത്തലുകളുടെയും അഭിപ്രായങ്ങളുടെയും വെളിച്ചത്തിൽ പിതാക്കന്മാർ ഇക്കാര്യം ഗൗരവപൂർവ്വം ചർച്ച ചെയ്തു. മൈനർ സെമിനാരിയിലെ നാലാംവർഷ കോഴ്സ് വളരെ ഫലപ്രദമെന്നാണ് ഇതുവരെയുള്ള അനുഭവമെന്നും അത് പ്രോത്സാ

ഹിപ്പിക്കണമെന്നും, വൈദികർക്കും അല്മായർക്കും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ താല്പര്യവും ശ്രദ്ധയും ഉണ്ടായിരിക്കണമെന്നും സിനഡ് വിലയിരുത്തുകയുണ്ടായി. പ്രേഷിതപരവും അജപാലനപരവുമായ ആഭിമുഖ്യം സെമിനാരിക്കാരിൽ വളർത്താൻ പരിശീലനം ഉപകരിക്കണം. സന്യസ്തർ നടത്തുന്ന സെമിനാരികളിലെ വൈദിക പരിശീലനത്തിലും മെത്രാന്മാർക്ക് മേൽനോട്ടമുണ്ടാകണം. പൗരസ്ത്യ കാനൻ സംഹിതയിലെ പൊതുനിയമങ്ങളും സിനഡ് തയ്യാറാക്കിയ വൈദികപരിശീലന മാർഗ്ഗരേഖയുമനുസരിച്ചായിരിക്കണം പരിശീലനം നൽകേണ്ടതെന്നും, മേജർ സെമിനാരി പരിശീലനത്തിൽ സിനഡിന്റെ നിരന്തരമായ ശ്രദ്ധയും വിലയിരുത്തലുകളും ആവശ്യമാണെന്നും മെത്രാന്മാർ നിർദ്ദേശിച്ചു.

ആധുനിക തലമുറയുടെ പ്രത്യേകതകൾ ഗൗരവമായി കണക്കിലെടുത്ത് സെമിനാരി പരിശീലനത്തെ നൂനമറ്റതാക്കാൻ പിതാക്കന്മാർ ഒന്നു ചേർന്ന് പരിശ്രമിക്കേണ്ടിയിരിക്കുന്നു. സഭയുടെ പ്രബോധനങ്ങൾ വൈദികവിദ്യാർത്ഥികൾ യഥാവസരം അറിഞ്ഞ് ബോദ്ധ്യപ്പെടേണ്ടതാവശ്യമാണ്.

## വിശ്വാസ പരിശീലനം

സിനഡ് പരിഗണിച്ച മറ്റൊരു പ്രധാന വിഷയം വിശ്വാസപരിശീലനമാണ്. വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും അതിന് സാക്ഷ്യം വഹിക്കാനും കുട്ടികൾക്കു ബോദ്ധ്യവും പ്രചോദനവും നൽകാൻ വിശ്വാസ പരിശീലനത്തിലൂടെ സാധിക്കണം. അതിന് സഹായിക്കുന്ന പുതിയ പ്രബോധനരീതികൾ ഉപയോഗപ്പെടുത്തണം. കുട്ടികളുടെ വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ ശ്രദ്ധയും താൽപര്യവും അനിവാര്യമാണ്. ഇന്നത്തെ മാധ്യമങ്ങളുടെ ദുഃസ്വാധീനത്തിന് കുട്ടികൾ വഴിപ്പെടാതിരിക്കാൻ അവരെ സജ്ജരാക്കേണ്ടതുണ്ട്. വിശ്വാസ പരിശീലനം ആരാധനക്രമാധിഷ്ഠിതവും പ്രാർത്ഥനാനുഭവത്തിൽ വളർത്തുന്നതുമാകണം. സഭാചരിത്രപഠനവും പ്രാധാന്യമർഹിക്കുന്നു. സൺഡേ സ്കൂൾ മതബോധനത്തിനുശേഷവും വിശ്വാസപരിശീലനം തുടരേണ്ടതും യുവജനങ്ങൾക്കും മുതിർന്നവർക്കും യഥോചിതം അതു നൽകേണ്ടതുമാണ്. മതാധ്യാപകർക്ക് ഏറ്റവും മെച്ചപ്പെട്ട പരിശീലനം ആവശ്യമാണ്. കുടുംബമതബോധനവും ശിശുക്കൾക്കു കുടുംബാന്തരീക്ഷത്തിൽ ലഭിക്കേണ്ട വിശ്വാസപരിശീലനവും വളരെയേറെ പ്രോത്സാ

ഹിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് മാതാപിതാക്കൾക്കായി ഒരു സഹായഗ്രന്ഥം ഉണ്ടാകേണ്ടതാവശ്യമാണ്. മതബോധനം ലക്ഷ്യംവച്ച് ഒരു വെബ്സൈറ്റ് ആരംഭിക്കുന്നത് നല്ലതാണെന്നും പിതാക്കന്മാർ നിർദ്ദേശിച്ചു.

**വൈദിക വർഷം**

സഭയിലാകമാനം എല്ലാക്കാര്യങ്ങളിലും ഐക്യവും പരസ്പര ധാരണയും ഉത്സാഹവും വളർത്തുന്നതിന് വൈദികരുടെ ശുദ്ധീകരണത്തിന് മുൻഗണനകൊടുത്തും നല്ല ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ഈ വൈദിക വർഷാചരണം പ്രയോജനപ്പെടുത്തണമെന്നാണ് പിതാക്കന്മാർ ആഗ്രഹിക്കുന്നത്. വൈദിക വർഷാചരണം കാര്യക്ഷമമാക്കുന്നതിന് രൂപതകളിൽ നടപ്പിലാക്കി വരുന്ന കർമ്മപരിപാടികളോട് എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. വൈദിക വർഷാചരണത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സീറോമലബാർ രൂപതകളിലും നിന്നുള്ള വൈദികരുടെ പ്രതിനിധികളെ രണ്ടുമൂന്നു ബാച്ചുകളായി വിളിച്ചുകൂട്ടി അവരോട് സംസാരിക്കാൻ എനിക്കാഗ്രഹമുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഞാനഭ്യർത്ഥിക്കുന്നു. വൈദിക ദൈവവിളിയുടെ മഹത്ത്വവും പ്രാധാന്യവും തിരിച്ചറിയണമെന്നും, പൗരോഹിത്യത്തിലേയ്ക്കും സന്യാസ ജീവിതത്തിലേക്കുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണമെന്നും എല്ലാ വൈദികരേയും ഞാൻ ഓർമ്മിപ്പിക്കുന്നു. വൈദിക വർഷം പ്രമാണിച്ച് കൂടുതൽ വിശദമായി നിങ്ങൾക്കെഴുതണമെന്ന് എനിക്കാഗ്രഹമുണ്ട്.

**ഇതര വിഷയങ്ങൾ**

**പ്രവാസികളുടെ വിവാഹ ഒരുക്ക സെമിനാർ**

ഇന്ത്യയിലും വിദേശത്തുമുള്ള പ്രവാസികളായ സീറോമലബാർ വിശ്വാസികൾ പ്രവാസ സ്ഥലത്ത് പങ്കെടുക്കുന്ന വിവാഹ ഒരുക്ക സെമിനാറുകൾ സുവിശേഷവൽക്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനും വേണ്ടിയുള്ള കമ്മീഷൻ അംഗീകരിച്ചവയാണെങ്കിൽ വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നതിനുള്ള നിയമാനുസൃത ഒരുക്കമായി പരിഗണിക്കപ്പെടുന്നതാണ്. വിവിധ രൂപതകളിൽ നടക്കുന്ന വിവാഹ ഒരുക്ക സെമിനാറുകളുടെ തീയതികളും സ്ഥലങ്ങളും മുൻകൂട്ടി രൂപതകളിലെ വെബ്സൈറ്റുകളിൽ ചേർത്ത് ആവശ്യക്കാർക്ക് സെമിനാറിൽ സംബന്ധിക്കുന്നതിന് സൗകര്യപ്പെടുത്തണമെന്ന് ബന്ധപ്പെട്ട

എല്ലാവരോടും ഞാനഭ്യർത്ഥിക്കുന്നു. വിവാഹിതരാകുന്നവർ ഒരുക്ക സെമിനാറിൽ പങ്കെടുത്ത് നിയമാനുസൃതം ഒരുങ്ങി വിവാഹത്തിനണ യേണ്ടതാണ്. വിവാഹജീവിതത്തിന്റെ ഭദ്രതക്കുവേണ്ടിയാണ് ഈ നിബ ന്ധന വച്ചിരിക്കുന്നതെന്ന് മനസിലാക്കി എല്ലാവരും സഹകരിക്കേണ്ട താണ്.

രൂപതകളിലെ വെബ്സൈറ്റ് സംവിധാനം സീറോമലബാർ സഭ യുടെ വെബ്സൈറ്റുമായി (www.smcim.org) ബന്ധപ്പെടുത്തുന്നത് നന്നായിരിക്കും.

**വിളിച്ചുചൊല്ലൽ**

ആവശ്യമുള്ള സാഹചര്യങ്ങളിൽ വിവാഹവാഗ്ദാനം നടത്തുന്ന തിന് മുൻപുതന്നെ വിവാഹവിവരം പള്ളിയിൽ വിളിച്ചു ചൊല്ലുന്നതി നുള്ള അനുവാദം നൽകാൻ ഫൊറോനാവികാരിക്ക് ഇനിമുതൽ അധി കാരമുണ്ടായിരിക്കുന്നതാണ്. അനുവാദത്തിനായി ഇടവകവികാരിമാരുടെ ശുപാർശയോടുകൂടി ഇരു കക്ഷികളും അപേക്ഷ സമർപ്പിക്കേണ്ടതാണ്. അനുവാദം ലഭിച്ച കക്ഷിയുടെ ഇടവക വികാരി പ്രസ്തുത വിവരം 'ബി' ഫോറത്തോടുകൂടി ഇതരകക്ഷിയുടെ ഇടവക വികാരിയെ അറി യിക്കുകയും വേണം.

പുരോഹിത പട്ടവും മ്ശംശാനപട്ടവും സ്വീകരിക്കുന്ന അർത്ഥി കളുടെ പേരുവിവരങ്ങൾ പട്ടസ്വീകരണത്തിനുമുമ്പ് സ്വന്തം ഇടവക കളിൽ രണ്ടു കടമുള്ള ദിവസങ്ങളിൽ തുടർച്ചയായി വിശുദ്ധ കുർബാന മദ്ധ്യേ വിളിച്ചറിയിക്കേണ്ടതാണ്.

**കമ്മീഷനുകളും കമ്മിറ്റികളും**

സീറോ മലബാർ സഭാതലത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മീ ഷനുകളുടെയും കമ്മിറ്റികളുടെയും മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണൽ, ലിറ്റർജിക്കൽ റിസേർച്ച് സെന്റർ എന്നിവയുടെയും പ്രവർത്തന റിപ്പോർട്ടുകളും നമ്മുടെ സഭയിലെ മൂന്ന് പ്രധാന മേജർ സെമിനാരികളുടെ റിപ്പോർട്ടുകളും സിനഡിൽ അവതരിപ്പിക്കുകയു ണ്ടായി. അവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേ ശങ്ങൾ പിതാക്കന്മാർ നൽകി. ഇവയെല്ലാം നന്നായിത്തന്നെ പ്രവർത്തി ക്കുന്നതിൽ എനിക്കേറെ സന്തോഷമുണ്ട്. സഭാകേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്കുള്ള വരവുചെലവു കണക്കുകളുടെ റിപ്പോർട്ട് അവ തരിപ്പിക്കുകയും കണക്കുകളുടെ സംക്ഷിപ്തരൂപം മേജർ ആർക്കി

എപ്പിസ്കോപ്പൽ അസംബ്ലിയിൽ അവതരിപ്പിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. സാമ്പത്തിക സംഭാവനകൾ നൽകിയ ഉപകാരികളെയും ഇക്കാര്യം അറിയിക്കുന്നതാണ്. നമ്മുടെ സഭയുടെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ എല്ലാ സംവിധാനങ്ങളും കൂടുതൽ കാര്യക്ഷമമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സിനഡിനെ സംബന്ധിച്ച പ്രധാന കാര്യങ്ങളെല്ലാം വളരെ വിശദമായി 'സിനഡൽ ന്യൂസ്' എന്ന പ്രസിദ്ധീകരണത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഈ പ്രസിദ്ധീകരണം എല്ലാ ഇടവകകളും സന്യാസഭവനങ്ങളും മറ്റു താല്പര്യമുള്ളവരും വരുത്തി നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ വിശദമായി മനസിലാക്കുവാനും വേണ്ടവിധം സഹകരിക്കാനും താല്പര്യം കാണിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് സെപ്റ്റംബർ മാസം 8-ാം തീയതി നൽകപ്പെട്ടത്.

**വർക്കി കാർഡിനൽ വിതയത്തിൽ**
**സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

---

NB:- **ഈ സർക്കുലർ ഒക്ടോബർ 11 -ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.**





# 83–ാം ആഗോളമിഷൻ ഞായർ 2009

## പരിശുദ്ധപിതാവ് ബെനഡിക്ട് 16–ാമൻ നൽകുന്ന സന്ദേശം

**മെത്രാൻപദവിയിലുള്ള സഹോദരന്മാരേ, വൈദികരേ,**

ഈ മിഷൻ ഞായറാഴ്ച ദിവസം ഒന്നാമതായി നിങ്ങളിലേയ്ക്കും രണ്ടാമതായി പ്രിയ ദൈവജനമേ, നിങ്ങളിലേയ്ക്കും ഞാൻ നോക്കുന്നു. നിങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിത്തന്നെ. “എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ” (മത്താ. 28: 19) എന്ന യേശുവിന്റെ പ്രേഷിതത്വ കൽപ്പനയെക്കുറിച്ച് നിങ്ങളിൽ ഓരോരുത്തർക്കും കൂടുതൽ ആഴത്തിലുള്ളഅവബോധമുണ്ടാകണം. ജനതകളുടെ അപ്പസ്തോലനായ വി. പൗലോസ് ശ്ലീഹായുടെ കാലടികളെ പിന്തുടർന്ന ആ കല്പ്പന നിറവേറ്റാനാണത്.

“ജനതകൾ കുഞ്ഞാടായ ദീപത്തിന്റെ വെളിച്ചത്തിൽ സഞ്ചരിക്കും” (വെളി. 21: 24). ജനതകൾ ചരിത്രത്തിലൂടെ ദൈവത്തിലേക്കു നടത്തുന്ന യാത്രയിൽ അവരെയെല്ലാം സുവിശേഷദീപ്തിയാൽ പ്രകാശിപ്പിക്കുക എന്നതാണ് സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ ലക്ഷ്യം. അങ്ങനെ അവർ ദൈവത്തിൽ തങ്ങളുടെ പൂർണ്ണ സാക്ഷാത്ക്കാരം നേടും. സഭയുടെ മുഖത്തു പ്രകാശിക്കുന്ന ക്രിസ്തുവിന്റെ വെളിച്ചം കൊണ്ട് എല്ലാ ജനതകളേയും പ്രകാശിപ്പിക്കാൻ നമുക്ക് തീവ്രമായ ആഗ്രഹവും ആവേശവുമുണ്ടായിരിക്കണം. എല്ലാവരും അങ്ങനെ ദൈവത്തിന്റെ സ്നേഹപൂർണമായ പിതൃത്വത്തിൻ കീഴിൽ ഒന്നുചേരുന്നതിന് വേണ്ടിയാണത്.

ഈ ലക്ഷ്യത്തോടെയാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിലെങ്ങും വ്യാപിച്ചതും ജീവൻ ബലികഴിച്ചും സഹനങ്ങളുടെ ഭാരംപേറി വിലപിച്ചും പടപൊരുതിയും അദ്ധ്വാനിക്കുന്നതും.

വന്ദ്യരായ എന്റെ മുൻഗാമികൾ മിക്കപ്പോഴും ആവർത്തിച്ച് ഉറപ്പിച്ച് പറഞ്ഞിരുന്നത് ഞാനും ശക്തിപൂർവ്വം ആവർത്തിക്കുകയാണ്: സഭ അദ്ധ്വാനിക്കുന്നത് തന്റെ ശക്തി വ്യാപിപ്പിക്കാനോ അധീശത്വം സ്ഥാപി

ക്കാനോ അല്ല, പിന്നെയോ എല്ലാ ജനതകളെയും ലോകത്തിന്റെ രക്ഷ യായ ക്രിസ്തുവിലേക്ക് നയിക്കാനാണ്.

മുഴുവൻ മനുഷ്യവംശത്തിനും വേണ്ടി, പ്രത്യേകിച്ച് സഹിക്കു ന്നവർക്കും ഉപേക്ഷിക്കപ്പെട്ടവർക്കും വേണ്ടി, സേവനം ചെയ്യാനാണ് നമ്മൾ പരിശ്രമിക്കുന്നത്. എന്തെന്നാൽ “ഇന്നത്തെ ജനങ്ങളോട് സുവി ശേഷം പ്രസംഗിക്കാനുള്ള പരിശ്രമം, ക്രൈസ്തവസമൂഹത്തിനും മുഴു വൻ മനുഷ്യവംശത്തിനും വേണ്ടി ചെയ്യപ്പെടുന്ന ഒരു സേവനമാണെ”ന്ന് (സുവിശേഷ പ്രഘോഷണം 1) നമ്മൾ വിശ്വസിക്കുന്നു. മനുഷ്യവംശം അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പക്ഷേ, നിത്യസത്യങ്ങ ളെയും സ്വന്തം അസ്തിത്വത്തെയും കുറിച്ചുള്ള ബോധം അതിനു നഷ്ട പ്പെട്ടിരിക്കുന്നതായി തോന്നുന്നു (രക്ഷകന്റെ മിഷൻ, 2)

## 1. എല്ലാ ജനതകളും രക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു

യഥാർത്ഥത്തിൽ ഉറവിടത്തിലേക്കു തിരിച്ചുപോകാൻ, ദൈവത്തി ലേക്കു തിരിച്ചുചെല്ലാൻ, മുഴുവൻ മനുഷ്യവംശത്തിനും മൗലികമായ വിളി ലഭിച്ചിട്ടുണ്ട്. എന്തെന്നാൽ ദൈവത്തിൽ മാത്രമേ അതിന് സാക്ഷാ ത്കാരം കണ്ടെത്താൻ കഴിയൂ. ക്രിസ്തുവിൽ സകലതും പുനഃസ്ഥാപി ക്കുന്നതിലൂടെയാണ് അതു സംഭവിക്കുന്നത്. ചിതറിപ്പോകൽ, ബഹുത്വം, സംഘട്ടനം, ശത്രുത എന്നിവയിൽ നിന്നു കുരിശിലെ രക്തത്താൽ സക ലതും സുഖമാക്കപ്പെടുകയും അനുരഞ്ജനപ്പെടുകയും ഐക്യത്തി ലേക്ക് വീണ്ടും നയിക്കപ്പെടുകയും ചെയ്യും.

പുതിയ ആരംഭം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലും മഹത്ത്വ പ്പെടലിലും ഇപ്പോഴേ കാണാൻ സാധിക്കും. അവിടുന്ന് എല്ലാറ്റിനെയും തന്നിലേക്ക് ആകർഷിക്കുകയും പുതുക്കുകയും ചെയ്യുന്നു. ദൈവ ത്തിന്റെ അനന്തമായ സന്തോഷത്തിൽ പങ്കുചേരാൻ അവയെ ശക്തി പ്പെടുത്തുകയും ചെയ്യുന്ന പുതിയ സൃഷ്ടിയുടെ ഭാവി നമ്മുടെ ലോക ത്തിൽ ഇപ്പോൾത്തന്നെ പ്രകാശിക്കുന്നുണ്ട്. എതിർപ്പുകളും സഹന ങ്ങളും ഉണ്ടെങ്കിലും അത് പുതിയൊരു ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ ഉണർത്തുന്നു. എല്ലാ ജനതകളുടെയും ഇടയിൽ പകരത്ത ക്കവിധം പ്രത്യാശ വ്യാപിപ്പിക്കുകയെന്നതാണ് സഭയുടെ ദൗത്യം. എല്ലാ ജനതകളും ദൈവമക്കളാകാൻ വേണ്ടി, സ്വർഗ്ഗരാജ്യത്തിന്റെ സുവി ശേഷം പ്രഘോഷിക്കാൻ ക്രിസ്തു തന്റെ ശിഷ്യരെ വിളിക്കുകയും നീതീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത് അയക്കുന്നത് അതു കൊണ്ടുതന്നെയാണ്. മനുഷ്യവംശത്തിന്റെ യഥാർത്ഥ യാത്ര ഈ ദൗത്യ ത്തിൽ മാത്രമാണ് മനസിലാക്കപ്പെടുന്നതും സ്ഥിരീകരിക്കപ്പെടുന്നതും.

സാർവ്വത്രിക പ്രേഷിതവേല സഭയുടെ ജീവിതത്തിൽ അടിസ്ഥാനപരമായും സ്ഥിരമായും ഉണ്ടായിരിക്കണം. പൗലോസ് ശ്ലീഹായ്ക്ക് എന്നതുപോലെ, സുവിശേഷപ്രഘോഷണം നമുക്കും അടിസ്ഥാനപരവും ഉപേക്ഷിക്കാനാവാത്തതുമായ ഒരു കടമയായിരിക്കണം.

## 2. തീർത്ഥാടനം ചെയ്യുന്ന സഭ

സാർവത്രികസഭയ്ക്ക് അതിർത്തിപ്രദേശങ്ങളോ അതിരുകളോ ഇല്ല. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തനിക്കുള്ള ഉത്തരവാദിത്യത്തെക്കുറിച്ച് സഭയ്ക്ക് അറിയാം (cf. സുവിശേഷപ്രഘോഷണം, 53). പ്രത്യാശയുടെ വിത്തായിരിക്കാൻ വിളിക്കപ്പെട്ട സഭയുടെ കടമയാണ് ലോകത്തിൽ ക്രിസ്തുവിന്റെ സേവനം തുടരുകയെന്നത്. സഭയുടെ ദൗത്യത്തിന്റെയും സേവനത്തിന്റെയും മാനദണ്ഡം ഭൗതികമല്ല. ഭൗതികാസ്തിത്വത്തിന്റെ മണ്ഡലത്തിൽ ഒതുക്കിനിർത്തിയിരിക്കുന്ന ആദ്ധ്യാത്മികാവശ്യങ്ങൾപോലുമല്ല. പിന്നെയോ അത് ദൈവരാജ്യത്തിൽ നിറവേറപ്പെടുന്നതും എല്ലാറ്റിനും ഉപരിയായിട്ടുള്ളതുമായ രക്ഷയാണ് (cf. സുവിശേഷപ്രഘോഷണം, 27). ഈ രാജ്യം ആത്യന്തികമായി യുഗാന്തപരമാണ്. അത് ഈ ലോകത്തിന്റേതല്ല (cf.യോഹ.18: 36). എന്നാലും അത് ഈ ലോകത്തിലും ഇതിന്റെ ചരിത്രത്തിലും നിലകൊള്ളുന്നു. നീതിക്കും സമാധാനത്തിനും യഥാർത്ഥ സ്വാതന്ത്ര്യത്തിനും ഓരോ വ്യക്തിയുടെയും മഹത്ത്വത്തോടുള്ള ആദരവിനും വേണ്ടിയുള്ള ഒരു ശക്തിയായി അതു നിലനിൽക്കുന്നു. സ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നതിലൂടെ ലോകത്തെ പരിവർത്തനം ചെയ്യിക്കാൻ സഭ ആഗ്രഹിക്കുന്നു. മങ്ങലേറ്റിരിക്കുന്ന ലോകത്തെ പ്രകാശിപ്പിക്കാൻ സ്നേഹത്തിന്റെ സുവിശേഷത്തിനു കഴിയും. നമുക്കു ജീവിക്കാനും ജോലി ചെയ്യാനും വേണ്ട ധൈര്യം നൽകാനും അതിനു സാധിക്കും. അങ്ങനെ, ദൈവത്തിന്റെ പ്രകാശം ലോകത്തിലേക്ക് പ്രവേശിപ്പിക്കും (ദൈവം സ്നേഹമാകുന്നു, 39). ഈ ദൗത്യത്തിലും ഈ സേവനത്തിലും പങ്കുചേരാൻ സഭയുടെ എല്ലാ അംഗങ്ങളെയും സ്ഥാപനങ്ങളെയും ഈ സന്ദേശത്തോടെ ഞാൻ വീണ്ടും ക്ഷണിക്കുന്നു.

## 3. വിജാതിയർക്കായുള്ള പ്രേഷിതവേല

അതുകൊണ്ട്, മനുഷ്യാവതാരം ചെയ്ത പുത്രനിലൂടെ ദൈവം പൂർത്തിയാക്കിയ രക്ഷയിലേക്ക് എല്ലാ ജനതകളേയും ക്ഷണിക്കുകയെന്നതാണ് സഭയുടെ പ്രേഷിതദൗത്യം. ആകയാൽ സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണം നാം പുതുക്കുക അത്യാവശ്യമാണ്.

സുവിശേഷം സ്വാതന്ത്ര്യത്തിന്റെയും പുരോഗതിയുടെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും സമാധാനത്തിന്റെയും പുളിമാവാണ് (പ്രേഷിതപ്രവർത്തനം, 8). എല്ലാ ജനതകളെയും സുവിശേഷം അറിയിക്കുകയെന്നത് സഭയുടെ അടിസ്ഥാനപരമായ കടമയാണെന്ന് (സുവിശേഷപ്രഘോഷണം, 14) ഒരിക്കൽക്കൂടി ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഒരു കടമയും ദൗത്യവുമാണ്. ഇന്നത്തെ സമൂഹത്തിൽ വ്യാപകമായും ആഴത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ മൂലം അത് കൂടുതൽ അടിയന്തിരസ്വഭാവമുള്ളതായിരിക്കുന്നു. വ്യക്തികളുടെ നിത്യരക്ഷ, മനുഷ്യചരിത്രത്തിന്റെയും പ്രപഞ്ചത്തിന്റെയും ലക്ഷ്യം, സാക്ഷാത്കാരം എന്നിവ അപകടത്തിലായിരിക്കുന്നു. ഇന്നത്തെ അപ്പസ്തോലന്മാരാൽ സന്ദർശിക്കപ്പെട്ടവരായി അനേകർ എല്ലാ നഗരങ്ങളിലുമുണ്ട്. ജനതകളുടെ അപ്പസ്തോലനാൽ സജീവരും പ്രചോദിതരുമായി നാം അതു മനസിലാക്കണം. യഥാർത്ഥത്തിൽ "ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ്" (അപ്പ. പ്ര. 2: 39).

മുഴുവൻ സഭയും വിജാതിയർക്കായുള്ള മിഷൻ പ്രവർത്തനത്തിനായി സ്വയം സമർപ്പിക്കണം. ക്രിസ്തുവിന്റെ രക്ഷാകരമായ പരമാധിപത്യം പൂർണമായി സാക്ഷാത്കരിക്കപ്പെടുന്നതുവരെ അങ്ങനെ ചെയ്യണം. "എന്നാൽ എല്ലാം അവന് അധീനപ്പെട്ടതായി നാം ഇപ്പോൾ കാണുന്നില്ല" (ഹെബ്രാ. 2:8).

## 4. രക്തസാക്ഷിത്വത്തിലൂടെ പോലും സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവർ

പ്രേഷിതപ്രവർത്തനങ്ങൾക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ ദിവസം, സുവിശേഷവേലയ്ക്ക് വേണ്ടി മാത്രം ജീവിതം സമർപ്പിച്ചിട്ടുള്ളവരെ ഞാൻ പ്രാർത്ഥനാപൂർവ്വം ഓർമ്മിക്കുന്നു. മതപീഡനത്തിന്റെ സാഹചര്യത്തിൽ സാമൂഹികവിവേചനം, ബന്ധനം, പീഡനം, മരണം എന്നിവ വരെയുള്ള ഞെരുക്കങ്ങളുടെ വിവിധ രൂപങ്ങൾക്ക് ഇരകളായി കൊണ്ട് ദൈവരാജ്യം വ്യാപിപ്പിക്കാൻ സാക്ഷ്യംവഹിക്കുന്ന പ്രാദേശിക സഭകളെയും മിഷനറിമാരായ സ്ത്രീ പുരുഷന്മാരെയും ഞാനിവിടെ പ്രത്യേകമായി സൂചിപ്പിക്കുന്നു. ഇന്നും അവിടുത്തെ "നാമത്തെ പ്രതി" അനേകർ വധിക്കപ്പെടുന്നുണ്ട്. എന്റെ വന്ദ്യനായ മുൻഗാമിയുടെ – ജോൺ പോൾ രണ്ടാമന്റെ – വാക്കുകൾ ഇന്നും ശക്തിപൂർവ്വം നമ്മോട് ഇങ്ങനെ പറയുന്നു: "ജൂബിലി വിസ്മയിപ്പിക്കുന്ന ദൃശ്യങ്ങളാണ് അവ

തരിപ്പിച്ചത്. നമ്മുടെ ഈ കാലഘട്ടം തന്നെ സവിശേഷമാംവിധം ധാരാളം രക്തസാക്ഷികളുള്ള ഒന്നാണെന്ന് അത് കാണിച്ചുതന്നു. ആ സാക്ഷികൾ, വ്യത്യസ്ത രീതികളിൽ, ശത്രുതയുടെയും മതപീഡനത്തിന്റെയും മധ്യത്തിൽ സുവിശേഷമനുസരിച്ച് ജീവിക്കാൻ കഴിഞ്ഞവരാണ്. രക്തം ചിന്തുകയെന്ന അങ്ങേയറ്റത്തെ പരീക്ഷണം നേരിട്ടും അപ്രകാരം ജീവിച്ചവരാണ്"(നവസഹസ്രാബ്ദത്തിലേക്ക്, 41). സുവിശേഷം പ്രസംഗിക്കുന്നവർക്ക് ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കു നൽകപ്പെടുന്നു. ക്രിസ്തുവിന്റെ ഭാഗധേയം തന്നെ അവർക്കും ലഭിക്കും : "ദാസൻ യജമാനനെക്കാൾ വലിയവനല്ലെന്ന് ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമ്മിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും"(യോഹ. 15:20). ക്രിസ്തു നടന്ന അതേ വഴിയിലൂടെ സഭയും നടക്കുന്നു. ക്രിസ്തു സഹിച്ച അതേ വിധിതന്നെ സഭയും സഹിക്കുന്നു. കാരണം സഭ പ്രവർത്തിക്കുന്നത് ഏതെങ്കിലും മാനുഷിക യുക്തിയുടെ അടിസ്ഥാനത്തിലല്ല. സ്വന്തം ശക്തിയിൽ ആശ്രയിച്ചുകൊണ്ടുമല്ല. പിന്നെയോ അവൾ കുരിശിന്റെ വഴിയേ പോകുന്നു. പിതാവിനോട് മകൾക്കടുത്ത അനുസരണയോടെ, മുഴുവൻ മനുഷ്യവംശത്തിനും ഒരു സാക്ഷിയും സഹസഞ്ചാരിണിയുമായിക്കൊണ്ട് അങ്ങനെ ചെയ്യുന്നു.

പ്രാചീനകാലത്ത് സ്ഥാപിക്കപ്പെട്ട സഭകളെയും അടുത്ത കാലത്തുണ്ടായ സഭകളെയും ഒരു കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കാൻ കർത്താവ് അവരെ അയച്ചിരിക്കുന്നു. ക്രിസ്തുവിന്റെ പ്രകാശം, ജനതകളുടെ പ്രകാശം, ഭൂമിയുടെ വിദൂരകോണുകളിലേക്ക് വ്യാപിപ്പിക്കാൻ അവിടുന്ന് അവരെ വിളിച്ചിരിക്കുന്നു. അവർ വിജാതിയർക്കുള്ള മിഷൻ പ്രവർത്തനത്തിന് അജപാലന കടമകളിൽ മുൻഗണന നൽകണം.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളോടുള്ള കൃതജ്ഞത ഞാനിവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. പ്രേഷിത ചൈതന്യവും പരിശീലനവും വർദ്ധിപ്പിക്കാനും യുവസഭകൾക്ക് ഭൗതികസഹായം ശേഖരിച്ചു നൽകാനും വേണ്ടി അവർ ചെയ്യുന്ന ഒഴിവാക്കാനാവാത്ത സേവനത്തെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ഈ പൊന്തിഫിക്കൽ സ്ഥാപനങ്ങളിലൂടെ സഭകൾ തമ്മിലുള്ള കൂട്ടായ്മ അത്ഭുതകരമാംവിധം സാധിക്കുന്നു. സമ്മാനങ്ങൾ കൈമാറിയും, പരസ്പരം താത്പര്യം കാണിച്ചും പങ്കുവെയ്ക്കപ്പെടുന്ന പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും കൂട്ടായ്മ നിലനിർത്തുന്നു.

**5. ഉപസംഹാരം**

പ്രേഷിതത്വതീക്ഷ്ണത എല്ലാക്കാലത്തും നമ്മുടെ സഭകളുടെ സജീവത്വത്തിന്റെ ഒരടയാളമായിരുന്നു (cf രക്ഷകന്റെ മിഷൻ, 2). എന്നാലും സുവിശേഷവൽക്കരണം പിശുദ്ധാത്മാവിന്റെ അടിസ്ഥാന പരമായ പ്രവർത്തനമാണെന്ന വസ്തുത ആവർത്തിച്ച് ഉറപ്പിച്ചു പറയേണ്ടിയിരിക്കുന്നു. തന്റെ അതിരുകൾക്കപ്പുറത്തേയ്ക്ക് മിഷനറിമാരായി സ്ത്രീ പുരുഷന്മാരെ അയച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാദേശിക സഭയെ സംബന്ധിച്ചിടത്തോളം ആ സുവിശേഷവത്ക്കരണം പ്രവൃത്തിയാകുന്നതിനുമുമ്പ് സാക്ഷ്യവും ക്രിസ്തുവിന്റെ പ്രകാശത്തെ പ്രസരിപ്പിക്കലുമാണ് (cf. രക്ഷകന്റെ മിഷൻ, 26). അതുകൊണ്ട്, പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കാൻ എല്ലാ കത്തോലിക്കരോടും ഞാൻ ആവശ്യപ്പെടുന്നു. ദൈവരാജ്യം വ്യാപിപ്പിക്കാനുള്ള ദൗത്യത്തിൽ സഭയുടെ ആവേശം വർദ്ധിപ്പിക്കാനും മുൻനിരയിൽ, മിക്കപ്പോഴും ശത്രുതയുടെയും മതപീഡനത്തിന്റെയും സാഹചര്യങ്ങളിൽ, പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരേയും ക്രൈസ്തവ സമൂഹങ്ങളെയും സഹായിക്കാനും പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കണം.

അതേ സമയം, സഭകൾ തമ്മിലുള്ള വിശ്വസനീയമായ കൂട്ടായ്മയുടെ ഒരു അടയാളമെന്ന നിലയിൽ സാമ്പത്തിക സഹായം നൽകാനും ഓരോ വ്യക്തിയോടും ഞാൻ ആവശ്യപ്പെടുന്നു. പരസ്നേഹത്തിന്റെ സുവിശേഷംകൊണ്ട് ജനതകളെ പ്രകാശിപ്പിക്കാൻ യുവ പ്രാദേശിക സഭകളെ ശക്തിപ്പെടുത്തുന്നതിന് വേണ്ടി അങ്ങനെ ചെയ്യണം. പ്രത്യേകിച്ച് മനുഷ്യവംശത്തെ മുഴുവനും ബാധിച്ചിരിക്കുന്ന വിഷമസ്ഥിതിയുടെ ഇക്കാലത്ത് അത് അത്യാവശ്യമാണ്.

പുതിയ സുവിശേഷവത്കരണത്തിന്റെ നക്ഷത്രമായ കന്യകാമറിയം നമ്മുടെ മിഷൻ പ്രവർത്തനങ്ങളെ നയിക്കട്ടെ. ജനതകളുടെ പ്രകാശമായിരിക്കാനും “ലോകത്തിന്റെ അതിരുകളോളം” (അപ്പ. 13:47) രക്ഷ എത്തിച്ചുകൊടുക്കാനുമുള്ള ക്രിസ്തുവിനെ ലോകത്തിലേക്കു കൊണ്ടുവന്നത് കന്യകാമറിയമാണല്ലോ.

എല്ലാവർക്കും എന്റെ അപ്പസ്തോലികാശീർവ്വാദം

**വത്തിക്കാനിൽ നിന്ന്**
**29 ജൂൺ 2009**

**വിവർത്തനം : റവ. ഡോ. ജി. കുരുക്കൂർ**

# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

നമ്മുടെ വിചിന്തനത്തിന്

"…. ഈ ലോകജീവിതത്തിൽ നിന്നു വ്യത്യസ്തമായ ഒരു ജീവിതത്തിന് സാക്ഷ്യം വഹിക്കുന്നവരും അതിനെ കൈകാര്യം ചെയ്യുന്നവരും ആകുന്നില്ലെങ്കിൽ ദൈവത്തിന്റെ ശുശ്രൂഷകരായിത്തീരാൻ അവർക്ക് സാധിക്കുകയില്ല. എന്നാൽ മനുഷ്യജീവിതത്തോടും സാഹചര്യങ്ങളോടും ബന്ധമില്ലാതെ അന്യരായി കഴിയുന്നെങ്കിൽ മറ്റുള്ളവർക്ക് സേവനം ചെയ്യുവാനും അവർക്ക് കഴിയുകയില്ല. എങ്കിലും അവരുടെ ശുശ്രൂഷാക്രമം തന്നെ ഈ ലോകത്തോട് അനുരൂപപ്പെടാതിരിക്കാൻ അവരെ പ്രത്യേകവിധം നിർബന്ധിക്കുന്നു. എന്നാൽ അതേ സമയം തന്നെ മനുഷ്യരുടെ ഇടയിൽ ജീവിക്കുവാൻ അവരുടെ പൗരോഹിത്യധർമ്മം ആവശ്യപ്പെടുന്നുമുണ്ട്. തങ്ങളുടെ അജഗണത്തെ അറിയുന്ന നല്ല അജപാലകരെപ്പോലെ ഈ പറ്റത്തിൽ ഉൾപ്പെടാത്ത ആടുകളെയും തേടിപ്പിടിച്ചുകൊണ്ടുവരുക, അവരും ക്രിസ്തുവിന്റെ സ്വരം ശ്രവിക്കുവാൻ ഇടയാക്കുക. അങ്ങിനെ ഏകതൊഴുത്തും ഏക ഇടയനും ആക്കിതീർക്കുക ഇവയാണ് പൗരോഹിത്യധർമ്മം ആവശ്യപ്പെടുന്നത്. ഈ ലക്ഷ്യം പ്രാപിക്കുവാൻ മാനുഷിക വ്യാപാരങ്ങളിൽ ഏറ്റവും വിലമതിക്കപ്പെടുന്ന ഹൃദയമേന്മ, ആത്മാർത്ഥത, സ്ഥിരവും ദൃഢവുമായ മന:സ്ഥിതി, നീതിക്കുവേണ്ടിയുള്ള അടങ്ങാത്ത ദാഹം, മര്യാദ, എന്നീ ഗുണങ്ങളും, വി. പൗലോസ് ചൂണ്ടിക്കാണിക്കുന്ന മറ്റു ഗുണങ്ങളും വൈദികരെ വളരെയധികം സഹായിക്കും." (രണ്ടാം വത്തിക്കാൻ പ്രമാണരേഖ; വൈദികർ, 3) വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങൾ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കാം.

**ഫാ. ബെന്നി മുതിരക്കാലായിൽ**

കൺവീനർ, വൈദീകവർഷാചരണ കമ്മിറ്റി

# രൂപതാകച്ചേരി വാർത്തകൾ

**ഒക്ടോബർ മാസാചരണം**

മാർപ്പാപ്പ മുതൽ സാധാരണക്കാർ വരെയുള്ള ദൈവമക്കളുടെ ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥനയാണല്ലോ ജപമാല. പരിശുദ്ധപിതാവ് പോൾ ആറാമൻ മാർപ്പാപ്പ കൊന്തനമസ്കാരത്തെ "സുവിശേഷത്തിന്റെ സംഗ്രഹം" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ജപമാല ചൊല്ലിക്കൊണ്ടിരിക്കുന്ന ചിത്രം ലോകം മുഴുവൻ പ്രചരിച്ചിട്ടുണ്ട്. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ കഴിഞ്ഞ സ്വർഗ്ഗാരോഹണതിരുനാളിനോടനുബന്ധിച്ച് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു "വിശുദ്ധരാണ് ദൈവവചനത്തിന്റെ യഥാർത്ഥ വ്യാഖ്യാതാക്കൾ. അവർ സ്വന്തം ജീവിതത്തിലൂടെ ദൈവവചനം സത്യമാണെന്നു തെളിയിച്ചവരാണ്". ഈ വാക്കുകൾ ഏറ്റവും അന്യർത്ഥമാകുന്നത് പരി. അമ്മയിലാണ്. ദൈവം മനുഷ്യനു നൽകിയ ഏറ്റവും നല്ല മാതൃകയാണ് മറിയമെന്ന് മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നു. വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി പരി. മറിയത്തെക്കുറിച്ച് പറഞ്ഞു. "ഈ നല്ല അമ്മയുടെ ഹൃദയം നിറയെ സ്നേഹവും കരുണയുമാണ്. നമ്മളെല്ലാവരും സന്തോഷചിത്തരായി കാണപ്പെടാൻ മാത്രമാണ് ഈ അമ്മ ആഗ്രഹിക്കുന്നത്. കേൾക്കപ്പെടാൻ ഒന്നു വിളിക്കുകയേ വേണ്ടു". ഈ അമ്മയുടെ ഉജ്ജ്വല ജീവിതമാതൃകയെയും അനുഭവങ്ങളേയും കുറിച്ച് ധ്യാനിക്കാനും അമ്മയെ വിളിച്ചപേക്ഷിക്കാനുമുള്ള പ്രത്യേക അവസരമാണ് ഒക്ടോബർ മാസത്തെ ജപമാല ആചരണം. ഈ വൈദീകവർഷത്തിൽ അമ്മയുടെ പ്രത്യേക സംരക്ഷണത്തിനേൽപ്പിക്കപ്പെട്ടിട്ടുള്ള വൈദീകരെ പ്രത്യേകം സമർപ്പിച്ചുകൊണ്ട് കൂടുതൽ ഭക്തിയോടും തീക്ഷ്ണതയോടും കൂടെ ഈ ജപമാല മാസം നമുക്കാചരിക്കാം.


## മിഷൻഞായർ - ഒക്ടോബർ 18

ഭൂമിയുടെ അതിർത്തികൾവരെ തനിക്കുസാക്ഷികളായിരിക്കാൻ ആവശ്യപ്പെട്ട ഈശോയുടെ ചിന്തകളിലേയ്ക്കും വികാരങ്ങളിലേയ്ക്കും കടന്നുചെന്ന് ചിന്തിക്കാനും പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ് മിഷൻഞായർ നമുക്ക് നൽകുന്നത്. സകല മനുഷ്യരെയും അനന്തമായി സ്നേഹിക്കുകയും ആ സ്നേഹത്തെപ്രതി മനുഷ്യനായി അവതരിക്കുകയും, മനുഷ്യരോടൊത്തു വസിക്കുകയും, തെറ്റു ചെയ്യുന്ന മനുഷ്യരോടുള്ള വലിയ കാരുണ്യത്താൽ പ്രേരിതനായി മനുഷ്യന്റെ തെറ്റിനുപരിഹാരമായി സഹനവും ക്രൂശുമരണവും ഏറ്റെടുക്കുകയും ചെയ്ത യേശുവിന്റെ സ്നേഹത്തെക്കുറിച്ച് അറിയാത്തവരായി ആരും ഈ ലോകത്തിൽ ഉണ്ടാവാൻ പാടില്ല. ഈ ചിന്തയ്ക്ക് ഊന്നൽ നൽകികൊണ്ട് നമ്മുടെ വിശ്വാസത്തിൽ ആഴപ്പെടാനും മറ്റുള്ളവർക്ക് യേശുവിനെ പരിചയപ്പെടുത്താനും ഉതകുന്നവിധം ഈ മിഷൻഞായർ നമുക്കാഘോഷിക്കാം. പ്രാർത്ഥനയിലൂടെ, ജീവിത സാക്ഷ്യത്തിലൂടെ, മിഷൻപ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹകരണം നൽകിക്കൊണ്ട് നമുക്ക് ഈ മിഷൻഞായർ ആചരിക്കാം. മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ആ തുക രൂപതാകേന്ദ്രത്തിൽ എത്തിച്ച് തരണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## സ്നേഹാനുസ്മരണം - മോൺ. തോമസ് മൂലക്കുന്നേൽ നവംബർ 3

നമ്മുടെ രൂപതയുടെ പ്രഥമ വികാരിജനറാളെന്ന നിലയിൽ രൂപതയുടെ ആരംഭം മുതൽ അതിന്റെ വളർച്ചയ്ക്കുവേണ്ടി നിസ്തുല സേവനം കാഴ്ചവച്ച മോൺ. തോമസ് മൂലക്കുന്നേലച്ചന്റെ ചരമ വാർഷിക ദിനമായ നവംബർ 3-ാം തീയതി അദ്ദേഹത്തെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം. അന്ന് രാവിലെ 7 മണിക്ക് സിയോൺ ചാപ്പലിൽ അച്ചനുവേണ്ടി പ്രത്യേക കുർബാനയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസുമുണ്ടായിരിക്കും.

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്




# റീജിയണൽ വാർത്തകൾ

## മൈസൂർ റീജിയൻ

### ഹൊന്നമനഘട്ടെ മിഷൻവാർത്തകൾ- കമ്പ്യൂട്ടർ സെന്റർ ഉദ്ഘാടനം ചെയ്തു.

ഹൊന്നമനഘട്ടെ ഗ്രാമത്തിന് അഭിമാനവും അനുഗ്രഹവുമായി ജ്യോതി വികാസ് സെന്ററിന്റെ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹത്തിന്റെ തണലിൽ നിലകൊള്ളുന്നു. കഴിഞ്ഞ ഓഗസ്റ്റ് 15-ാം തീയതി സ്കൂളിൽ വച്ച് സ്വാതന്ത്ര്യദിനം വളരെ ആഘോഷമായി ആചരിക്കപ്പെട്ടു. അന്നത്തെ പരിപാടികൾക്ക് അധ്യക്ഷനായി മാനന്തവാടി രൂപതയുടെ പ്രൊക്കുറേറ്റർ ബഹുമാനപ്പെട്ട ഫാ. ഗർവ്വാസീസ് മറ്റം സന്നിഹിതനായിരുന്നു. ബഹു. അച്ചൻ പുതിയ കമ്പ്യൂട്ടർ സെന്റർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ആധുനിക ലോകത്തിന്റെ ഗതിവിഗതികൾക്കൊപ്പം ഉയരേണ്ട പുതുതലമുറയെ പ്രബുദ്ധരാക്കാൻ ഉതകുന്നതായിരുന്നു അച്ചന്റെ വാക്കുകൾ. മൈസൂരിലെ ഹിങ്കൽ ഇടവകയിലെ നല്ലവരായ ഇടവകക്കാരുടെ സംഭാവനയും സഹകരണവും ആണ് ഈ കമ്പ്യൂട്ടർ സെന്റർ. ഇത് ലക്ഷ്യംവയ്ക്കുന്നത് - ഈ ഗ്രാമത്തിലെ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് ജോലി സാധ്യത നേടികൊടുക്കുക എന്ന ഉദ്ദേശത്തോടെയാണ്. ഒപ്പം ഈ ഗ്രാമത്തിലെ സ്കൂൾ കുട്ടികളെ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലൂടെ അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ഉദ്ദേശവും പുതുതായി രൂപം കൊണ്ട ഈ കമ്പ്യൂട്ടർ സെന്ററിനുണ്ട്.

15-ാം തീയതിയിലെ പരിപാടികളുടെ മുഖ്യ അതിഥിയായി മൈസൂരിൽ നിന്നു J. J.C.C. യുടെ പ്രസിഡന്റായ ശ്രീ. ജോണി കുന്നത്ത് വരികയും സ്കൂളിന്റെ പ്രവർത്തനങ്ങളെയും ഉയർച്ചയെയും ഏറെ അഭി

മാനത്തോടെ കാണുകയും നാടിന് അനുഗ്രഹമാണ് ഇവിടുത്തെ പ്രവർത്തനങ്ങൾ എന്ന് സന്തോഷത്തോടെ അഭിനന്ദിക്കുകയുമുണ്ടായി. അന്നേദിവസം സ്വാതന്ത്ര്യസമര സേനാനി ആയിരുന്ന ശ്രീ. സുന്ദരദാസിനെ (84) സ്റ്റേജിൽ ആചരിച്ചു. അദ്ദേഹം ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളെ ഏറെ വിലമതിച്ചു സംസാരിച്ചു. സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ നമ്മൾ ചെയ്യുന്ന സേവനങ്ങൾ ഒരിക്കലും മറക്കാൻ കഴിയാത്തതാണെന്ന് ചൂണ്ടികാണിക്കുകയും ഈ സെന്ററിന്റെ പ്രവർത്തനങ്ങളെ പ്രശംസിച്ചും, പ്രോത്സാഹിപ്പിച്ചും സംസാരിക്കുകയും ചെയ്തു.

അന്നേദിവസം ഗ്രാമത്തിന്റെ മുഖ്യനായ ശ്രീ. ക്രിഷ്ണഷെട്ടർ, പഞ്ചായത്ത്മെമ്പർ ശ്രീമതി ലക്ഷ്മി, ജ്യോതി കോൺവെന്റ് സുപ്പീരിയർ സി. ലിജി മരിയ, J. J.C.C. അംഗം ശ്രീ. സുനിൽ, പി.റ്റി.എ. പ്രസിഡന്റ് ശ്രീ. ചാമരാജ്, വൈസ് പ്രസിഡന്റ് ശോഭ എന്നിവരും സന്നിഹിതരായിരുന്നു. അതോടൊപ്പം വിവിധ സ്വസഹായ സംഘങ്ങളിലെ അംഗങ്ങളും കുട്ടികളുടെ മാതാപിതാക്കളും പി.റ്റി.എ. അംഗങ്ങളും ടൈലറിംങ്ങ് വിദ്യാർത്ഥിനികളും തങ്ങളുടെ സാന്നിധ്യവും സഹകരണവും നൽകി. ജോതിവികാസ് സെന്ററിന്റെ ഡയറക്ടർ ബഹു. ഫാ. ബാബു ചക്യാത്ത് എല്ലാവരെയും അന്നത്തെ പരിപാടിയിലേയ്ക്ക് സ്വാഗതം ചെയ്ത് സംസാരിച്ചു. സ്കൂൾ വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. സ്വാതന്ത്ര്യ ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ വിവിധ മൽസരങ്ങളുടെ സമ്മാനദാനവും അന്നേദിവസം നിർവ്വഹിച്ചു. കടന്നുവന്ന മുഖ്യ അതിഥികൾക്കും സഹായസഹകരണങ്ങൾ നൽകി പ്രോൽസാഹിപ്പിച്ച എല്ലാ നല്ല മനസ്സുകൾക്കും സി. സോഫി ജോസ് നന്ദി അറിയിച്ചു.

സ്നേഹത്തോടെ,
**സി. ബിജി മാത്യു F.C.C.**

# മതബോധനരംഗം

വിശ്വാസ പരിശീലന ക്ലാസുകൾ രണ്ടാമത്തെ ടേമിലേയ്ക്ക് പ്രവേശിച്ചിട്ട് ഒരു മാസം കഴിഞ്ഞു. കഴിഞ്ഞ ടേമിൽ കുട്ടികളുടെ ഹൃദയങ്ങളിൽ വിശ്വാസജീവിതത്തിന്റെ സത്യങ്ങൾ പകർന്നുകൊടുത്ത് ബോധ്യപ്പെടുത്താൻ സാധിച്ചതിൽ ദൈവത്തിന് നന്ദി പറയാം. വചനാധിഷ്ഠിതവും കൂദാശാബന്ധിതവുമായ ജീവിതശൈലിയാണ് അവരിൽ നമ്മൾ രൂപപ്പെടുത്തേണ്ടത്. നമ്മുടെ പാഠപുസ്തകങ്ങളെല്ലാം രൂപപ്പെടുത്തിയിരിക്കുന്നതും ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്. അതിനാൽ കുട്ടികളെ വിശ്വാസം ജീവിക്കുന്നതിൽ, നമ്മുടെ പരിശീലനത്തിൽ കുറവുകളോ പോരായ്മകളോ ഉണ്ടെങ്കിൽ പരിഹരിച്ച് വിശ്വാസപരിശീലനത്തിന്റെ ഗൗരവം ഉൾക്കൊണ്ട്, അതിനുള്ള സമയം ഒരു കാരണവശാലും നഷ്ടപ്പെടുത്താതെ ശ്രദ്ധാപൂർവ്വം മുന്നോട്ട് പോകാം.

**X, XI, XII ക്ലാസുകളിലെ അധ്യാപകസംഗമം**

ഗൂഡല്ലൂർ റീജിയണിലെ അധ്യാപകരുടെ സംഗമവും പഠന ശിബിരവും അരുൾനിലയത്ത് സെപ്റ്റംബർ 12-ന് സംഘടിപ്പിച്ചു. പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിലെ പൊതുവായ ലക്ഷ്യങ്ങളും, കുട്ടികളുടെ പരിശീലനത്തിൽ വരുത്തേണ്ട മാറ്റങ്ങളും സംഗമത്തിന്റെ ചർച്ചയ്ക്കും ക്ലാസുകൾക്കും വിഷയമായി. രൂപതാ ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ ക്ലാസുകൾ നയിച്ചു. അധ്യാപകർക്കും ബഹു. വികാരിയച്ചന്മാർക്കും, പ്രത്യേകമായി ഫൊറോന ഡയറക്ടർ ബഹു. വാഴയിലച്ചനും നന്ദി.

**HDC Contact Class**

HDC യുടെ ആദ്യവർഷക്കാരുടെ Contact Class ആഗസ്റ്റ് 22, 29

സെപ്റ്റംബർ 11 എന്നീ തീയതികളിൽ ദ്വാരക, മണിമൂളി എന്നിവിടങ്ങളിലായി സംഘടിപ്പിച്ചു. പഠിതാക്കളായി കടന്നുവന്നിരിക്കുന്ന ഏവർക്കും അഭിനന്ദനം. മതബോധനകേന്ദ്രം ഒരുക്കുന്ന ഈ സഭാ പ്രബോധന പഠനത്തെ ഗൗരവത്തോടെ നോക്കിക്കാണുന്ന ഏവർക്കും ആശംസകൾ.

### HDC Convocation

2009 - ൽ HDC പൂർത്തിയാക്കിയ അധ്യാപകർക്ക് ഒക്ടോബർ 17-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്ന സമ്മേളനത്തിൽ അവരുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്.

### HDC Contact Class (II[nd] years)

HDC രണ്ടാം വർഷക്കാരുടെ Contact Class ഒക്ടോബർ 24-ന് മണിമൂളി പാസ്റ്ററൽ സെന്ററിലും, ഒക്ടോബർ 31-നും, നവംബർ 14 -നും ദ്വാരക പാസ്റ്ററൽ സെന്ററിലും നടത്തുന്നതാണ്. (സമയം 9.30 -4.30)

### HDC Contact Class (I[st] years)

HDC ഒന്നാം വർഷക്കാരുടെ രണ്ടാമത്തെ Contact Class നവംബർ 27-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്. (സമയം 9.30-4.30)

### ഫൊറോനാ വാർത്തകൾ

**മണിമൂളി ഫൊറോന**

മണിമൂളി മേഖലാ മതാധ്യാപകരുടെ സംഗമം മേഖലാടീമിന്റെ നേതൃത്വത്തിൽ 2009 ആഗസ്റ്റ് 8-ന് ശനിയാഴ്ച ക്രൈസ്റ്റ് കിംഗ് ഫൊറോനാ ദേവാലയത്തിൽ വെച്ച് നടത്തി. രാവിലെ 10 മണിക്കു പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. മേഖലാ ഡയറക്ടർ ബഹു. കുര്യാക്കോസ് കുമ്പുക്കിൽ അച്ചൻ എല്ലാ അധ്യാപകരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. മദർ വേറോണിക്കാ സ്പെഷ്യൽ സ്കൂളിലെ പ്രിൻസിപ്പാൾ റവ. സി. ബിയാട്രീഷ്യാ, 'മാനസികവികാസമില്ലാത്ത കുട്ടികളുടെ പരിചരണവും വെല്ലുവിളികളും' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ് എടുത്തു. എല്ലാ അധ്യാപകർക്കും വളരെ ഹൃദയസ്പർശിയായ ഒരനുഭവമായിരുന്നു ക്ലാസ്. ടീമംഗമായ ശ്രീ. ജോസ് താന്നിക്കൽ നന്ദി പറഞ്ഞു. റീജണൽ വികാരി ജനറാൾ മോൺ. ജോസ്

തേക്കനാടി ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ബഹു. കുര്യാക്കോസച്ചന്റെ അധ്യക്ഷതയിൽ പൊതുസമ്മേളനം നടത്തി. ശ്രീ. ജോസ് എല്ലാവരേയും സ്വാഗതം ചെയ്തു. പുതിയ മേഖലാ ഡയറക്ട റായി ചാർജെടുത്ത ബഹു. അഗസ്റ്റിൻ ചേമ്പാല അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി ശ്രീ. പോൾ മുട്ടംതോട്ടിൽ റിപ്പോർട്ടവതരിപ്പിച്ചു. 25 വർഷത്തെ സേവനം പൂർത്തിയാക്കിയ ശ്രീ. സ്കറിയ പേഴത്തിനാൽ സാറിന് ഉപഹാരം നൽകി ആദരിച്ചു. രൂപതാ തലത്തിൽ നടത്തിയ +2, ഡിപ്ലോമ സ്കോളർഷിപ്പ് പരീക്ഷകളിൽ ഈ മേഖലയിൽ നിന്ന് ഉന്നതവിജയം നേടിയ 9 വിദ്യാർത്ഥികൾക്ക് സമ്മാ നങ്ങൾ നൽകി. മുൻവർഷത്തെ മികച്ച പ്രവർത്തനത്തിന് സെന്റ് തോമസ് സൺഡേസ്കൂൾ പാലേമാട്, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ നരിവാലമുണ്ട, സെന്റ് മേരീസ് സൺഡേസ്കൂൾ തലഞ്ഞി എന്നിവർക്ക് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനത്തിനുള്ള ട്രോഫി കൾ സമ്മാനിച്ചു. മേഖലാ സെക്രട്ടറി എല്ലാവർക്കും നന്ദി പറഞ്ഞു. സംഗമത്തിൽ ആകെ 108 അധ്യാപകർ പങ്കെടുത്തു. 1.30 ന് ഉച്ചഭക്ഷ ണത്തോടെ സംഗമം പിരിഞ്ഞു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

**സംഘടന ശാക്തീകരണവർഷം**

പ്രിയ കുഞ്ഞുമിഷനറിമാരെ,

ഒക്ടോബർമാസം നമ്മെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട മാസമാണ് പ്രത്യേകിച്ച് നാം സംഘടന ശാക്തീകരണ വർഷമായി ആച രിക്കുമ്പോൾ. വയലേലകളിൽ കർമ്മനിരതരാകുന്ന പുണ്യമാസം. പതി വിൽ നിന്ന് വിപരീതമായി കലാമത്സരങ്ങളുടെ തിരക്കുകൾ നമുക്കില്ല. അതുകൊണ്ട് തന്നെ ഓരോ ശാഖയിലും തനതായ പ്രവർത്തനങ്ങൾ കണ്ടെത്തി മിഷൻമാസം ആചരിക്കാം. സംഘടന ശാക്തീകരണത്തിന്റെ ഭാഗമായി ഈ മാസം നമ്മുടെ രൂപതയിലെ മുഴുവൻ കുടുംബങ്ങളിലും സംഘടനയുടെ പതാക എത്തിക്കുന്നതിന് വേണ്ട ക്രമീകരണം ചെയ്യു മല്ലോ. തുണികൊണ്ട് നിർമ്മിച്ചതോ പേപ്പറുകൊണ്ട് നിർമ്മിച്ചതോ ആയ പതാകകളാണ് എത്തിക്കേണ്ടത്. വീടിന് പുറമെ നിന്ന് നോക്കിയാൽ കാണത്തക്ക രീതിയിൽ പതാക സ്ഥാപിക്കാൻ വീട്ടുകാർക്ക് നിർദ്ദേശം കൊടുക്കുമല്ലോ. അങ്ങനെ സംഘടന ശാക്തീകരണ വർഷത്തിന്റെ സന്ദേശം നമുക്ക് മറ്റുള്ളവരിലേക്ക് എത്തിക്കാം. മിഷൻഞായറിനോട നുബന്ധിച്ച് മിഷൻ റാലിയും പൊതുസമ്മേളനവും, കലാപരിപാടികളും വിപുലമായ രീതിയിൽ ഈ വർഷം എല്ലാ ശാഖകളിലും നടത്തണ മെന്ന് താത്പര്യപ്പെടുന്നു. പ്രാർത്ഥനാദിനങ്ങൾ, ദൈവവിളി സെമിനാ റുകൾ, ശാഖാക്യാമ്പുകൾ, അഗതിമന്ദിര സന്ദർശനം, ഭവനസന്ദർശന ങ്ങൾ, ജപമാല, രോഗീസന്ദർശനങ്ങൾ, അംഗത്വസ്വീകരണം, നവീക രണം, വിവാഹസഹായം, ഭവനനിർമ്മാണസഹായം, വസ്ത്രവിതരണം തുടങ്ങിയ ഒട്ടേറെ കർമ്മപദ്ധതികൾ നമുക്ക് ഈ മാസം നടപ്പിലാക്കാ നാവും. അങ്ങനെ സംഘടനയെ നമുക്ക് ശക്തിപ്പെടുത്താം. അതിനായി

ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. മിഷൻമാസത്തിൽ സർവ്വവിധ നന്മകളും നേർന്നുകൊണ്ട്

സ്നേഹപൂർവ്വം,
ടോമിയച്ചൻ

## ബലിയർപ്പിക്കാം .... പ്രാർത്ഥിക്കാം ....

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടനുവേണ്ടി ഓരോ ശാഖയും ഒരു വിശുദ്ധ കുർബാന അർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻലീഗിന്റെ ഫണ്ടിൽ നിന്ന് കുർബാന ധർമ്മം കാർമ്മികനു നൽകികൊണ്ട് ഓരോ ശാഖയും താഴെ കൊടുത്തിരിക്കുന്ന ദിവസങ്ങളിൽ കുർബാനയർപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വി. കുർബാന അർപ്പിക്കുന്ന ദിവസം മുൻകൂട്ടി ശാഖയിൽ അറിയിക്കുകയും അവരുടെ സജീവസാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ. സംസ്ഥാന സമിതിയുടെ നിർദ്ദേശമനുസരിച്ച് ഒക്ടോബർ മാസമാണ് മാനന്തവാടി രൂപതയിലെ ശാഖകളിൽ വി. കുർബാന അർപ്പിക്കേണ്ടത്. ഇതിനോടകം കുഞ്ഞേട്ടനുവേണ്ടി വി.കുർബാനയർപ്പിച്ച ശാഖകൾ ആവർത്തിക്കണമെന്നില്ല.

**കുഞ്ഞേട്ടനുവേണ്ടി വി. കുർബാനയർപ്പിക്കേണ്ട ശാഖകളും തീയതിയും**

ഒക്ടോബർ 1 – അടയ്ക്കാത്തോട്, ആടിക്കൊല്ലി, ആലാറ്റിൽ, അമരക്കുനി, അമ്പലവയൽ. ഒക്ടോബർ 2 – അമ്പായത്തോട്, അപ്പപ്പാറ, ആറാട്ടുതറ, അരിഞ്ചേർമല. ഒക്ടോബർ 3 – അരുൾനിലയം, ബത്തേരി, ബെക്കി, ബോയ്സ്ടൗൺ. ഒക്ടോബർ 4 – ചാരിറ്റി, ചെന്നലോട്, ചെറുകാട്ടൂർ, ചിത്രഗിരി. ഒക്ടോബർ 5 – ചോക്കാട്, ചുള്ളിയാന, ചുള്ളിയോട്, ചുണ്ടക്കര. ഒക്ടോബർ 6 – ചുങ്കക്കുന്ന്, കൂനൂർ, ദീപ്തിഗിരി, ധർമ്മഗിരി. ഒക്ടോബർ 7 – ദ്വാരക, എടപ്പെട്ടി, എടയൂർകുന്ന്, ഇടിവണ്ണ. ഒക്ടോബർ 8 – ഏലപ്പീടിക, ഇരുളം, ജൂഡ്സ്മൗണ്ട്. ഒക്ടോബർ 9 – കബനിഗിരി, കടൽമാട്, കല്ലോടി, കല്ലുമുക്ക്. ഒക്ടോബർ 10 – കല്ലുവയൽ, കൽപ്പറ്റ, കൽപ്ര, കമ്മന. ഒക്ടോബർ 11 – കണിയാമ്പറ്റ, കാരക്കാമല, കരണി, കരിമാനി. ഒക്ടോബർ 12 – കരിമ്പിൽ, കാട്ടിക്കുളം, കാവുംമന്ദം, കയ്യൂന്നി. ഒക്ടോബർ 13 – കേളകം, കേണിച്ചിറ, കൊളവയൽ, കൊമ്മയാട്. ഒക്ടോബർ 14 – കോട്ടത്തറ, കൊട്ടിയൂർ, കുഞ്ഞോം, കുന്നലാടി. ഒക്ടോബർ 15 – കുറുമണി, കുറുമ്പാല,

കുറ്റിമൂല. ഒക്ടോബർ 16 – മച്ചിക്കൊല്ലി, മക്കിയാട്, കത്തീഡ്രൽ, മാനന്തവാടി ടൗൺ. ഒക്ടോബർ 17 – മംഗളം, മംഗലശ്ശേരി, മണിമൂളി, മഞ്ഞൂറ, മണ്ണുവയൽ. ഒക്ടോബർ 18 – മരകാവ്, മരക്കടവ്, മാർട്ടിൻനഗർ, മീനങ്ങാടി, മുള്ളൻകൊല്ലി. ഒക്ടോബർ 19 – മുണ്ടേരി, മുതിരേരി, നടവയൽ, നരിവാലമുണ്ട, നെടുമ്പാല. ഒക്ടോബർ 20 – നെയ്ക്കുപ്പ, നെല്ലിയോടി, നിലമ്പൂർ, നിരവിൽപ്പുഴ, ഞാറപ്പാടം. ഒക്ടോബർ 21 – ഒലിവുമല, ഒറ്റപ്ലാവ്, പടമല, പാടിച്ചിറ, പാലാങ്കര. ഒക്ടോബർ 22– പാൽച്ചുരം, പാലേമാട്, പനംചിറ, പനവല്ലി, പറളിക്കുന്ന്. ഒക്ടോബർ 23 – പാറത്തോട്ടം, പാതിരിപ്പാടം, പട്ടാണിക്കൂപ്പ്, പയ്യമ്പള്ളി, പഴൂർ. ഒക്ടോബർ 24 – പേരിയ, പൂക്കോട്ടുംപാടം, പൂളപ്പാടം, പോരൂർ, പുൽപ്പള്ളി. ഒക്ടോബർ 25 – പുതിയിടംകുന്ന്, പുതിയിടം, പുതുശ്ശേരിക്കടവ്, പുതുശ്ശേരി, റിപ്പൺ. ഒക്ടോബർ 26 – റൂബിനഗർ, ശാന്തിഗിരി, സീതാമൗണ്ട്, ശിശുമല, തലപ്പുഴ. ഒക്ടോബർ 27 – തരിയോട്, തവിഞ്ഞാൽ, തേൾപ്പാറ, തെനേരി. ഒക്ടോബർ 28 – തോമാട്ടുചാൽ, തോണിച്ചാൽ, തൃശ്ശിലേരി, വടക്കനാട്. ഒക്ടോബർ 29 – വാകേരി, വാളവയൽ, വള്ളിക്കെട്ട്, വഞ്ഞോട്, വാളാട്. ഒക്ടോബർ 30 – വാഴവറ്റ, ഒഴുക്കൻമൂല, വെള്ളൂന്നി, വിളമ്പുകണ്ടം. ഒക്ടോബർ 31 – വിമലഗിരി, വൈത്തിരി, വലിയകൊല്ലി, പ്രശാന്തഗിരി, യവനാർകുളം, പന്തിപൊയിൽ.

## മിഷൻ–ശാഖാ സന്ദർശനവും, സെമിനാറും

മണിമൂളി മേഖലയിൽ ശാഖാ സന്ദർശനത്തിനും, സെമിനാറിനും നേതൃത്വം നൽകിയവർ. റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ – പാലേമാട്, ഷിൽസൺ കോക്കണ്ടത്തിൽ – മണിമൂളി, തലഞ്ഞി, ബിജു ചിറ്റേടം – ഭൂദാനം, നരിവാലമുണ്ട, സി. പവിത്ര എഫ്.സി.സി – മണിമൂളി, സി. കാതറൈൻ സി.എം.സി. – ഞാറപ്പാടം, സി. മരിയ എഫ്.സി.സി – മരുത, ജോയി മേപ്പാടം – മുണ്ടേരി, അജീഷ് എടപ്പാട്ട് – പാതിരിപ്പാടം, ഷാജു പാലചുവട്ടിൽ – നരിവാലമുണ്ട.

## ലോഗോസ് ബൈബിൾക്വിസ് – ഒക്ടോബർ 11–ന്

ബൈബിൾ പഠനത്തിനും വിചിന്തനത്തിനും ലോഗോസ് ബൈബിൾക്വിസ് ഒക്ടോബര് 11–ന് 1.30 p.m. മുതൽ 3.00 p.m. വരെ എല്ലാ ശാഖകളിലും നടത്താനാവശ്യമായ ക്രമീകരണം നടത്തേണ്ടതാണ്. ലോഗോസ് ഉത്തരപേപ്പർ 13–ാം തീയതിക്കുള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ലോഗോസ് ക്വിസിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ശാഖകൾ**

I ബത്തേരി, II കണിയാരം, III കല്ലോടി

**കലാമത്സര ചിലവ് ദൈവവിളിഫണ്ടിലേക്ക്**

കത്തുകളിലൂടെ അറിയിച്ചതനുസരിച്ച് ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ നിര്യാണത്തെ തുടർന്ന് ഈ വർഷം കലാമത്സരങ്ങൾ വേണ്ട എന്ന് വച്ചിരിക്കുകയാണ്. കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ ദൈവവിളി പ്രോത്സാഹകനായ കുഞ്ഞേട്ടനോടുള്ള ബഹുമാനാർത്ഥം ഈ വർഷം കലാമത്സരങ്ങൾക്ക് ചിലവാകുന്ന തുക മുഴുവൻ ശേഖരിച്ച് ഓരോ രൂപതയും അതാത് രൂപതകളിലെ മൈനർസെമിനാരികൾക്ക് നൽകണമെന്നാണ് സംസ്ഥാനസമിതി നൽകിയിരിക്കുന്ന നിർദ്ദേശം. അതിൻപ്രകാരം ഓരോ ശാഖയും ഈ വർഷം കലാമത്സര ചിലവിലേയ്ക്ക് മാറ്റി വച്ചിരിക്കുന്ന തുക എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ലഭിക്കുന്ന തുക മാനന്തവാടി രൂപതാമൈനർസെമിനാരിയിൽ ഏൽപ്പിക്കുന്നതാണ്.

**രൂപതാ സാഹിത്യമത്സര വിജയികൾ**

**ബൈബിൾ വാക്യം**

ജൂണിയർ – ആൺകുട്ടികൾ

I-A grade ജിതിൻ ചേരാടിയിൽ – പാലാങ്കര
II-B grade ബിജോ എടപ്പള്ളിചുള്ളിയിൽ – പാലേമാട്
III-C grade സച്ചിൻ വടക്കുംകര – ബെക്കി

ജൂണിയർ – പെൺകുട്ടികൾ

I-A grade ബ്ലസി ചെറുതറപ്പേൽ – കയ്യൂന്നി
II-B grade അഞ്ജു ഏലംകുന്നേൽ – നരിവാലമുണ്ട
III-C grade അലീന ആലുങ്കകരോട്ട് – നടവയൽ

സീനിയർ – ആൺകുട്ടികൾ

I-A grade ജിബിൻ പുത്തൻപുര – പയ്യമ്പള്ളി
II-B grade അജോ ചെരിക്കനാംപുറം – നരിവാലമുണ്ട
III-B grade ജോൺ കാഞ്ഞൂക്കാരൻ – പുൽപ്പള്ളി

സീനിയർ – പെൺകുട്ടികൾ

I-B grade ലിൻമേരി തേക്കനാടി – തലഞ്ഞി
II-C grade ജെമിനി വടക്കേൽ – പുതുശ്ശേരിക്കടവ്
III-C grade ജിസ്റ്റ ചുണ്ടക്കാട്ട് – ധർമ്മഗിരി

സൂപ്പർസീനിയർ - ആൺകുട്ടികൾ

I-A grade അമിത്ത് ഉള്ളാട്ടിൽ - പാലേമാട്
II- അജോ പയസ് അരുമായിൽ - ചോക്കാട്
III- ലിബിൻ ചക്കുളത്തിൽ - അമരക്കുനി

സൂപ്പർസീനിയർ - പെൺകുട്ടികൾ

I-A grade ദിവ്യ കണ്ണാട്ടുപറമ്പിൽ - കയ്യൂന്നി
II-B grade റോസക്കുട്ടി ചെമ്പരത്തി - കേളകം
III-C grade ജിഷിത കുളത്തിങ്കൽ - നടവയൽ

**ഉപന്യാസം**

ജൂണിയർ - ആൺകുട്ടികൾ

I-A grade ജോസഫ് വലിയപുത്തൻപുരയിൽ-വെള്ളൂന്നി
II-A grade പ്രിൻസ് മങ്കുത്തേൽ - വടക്കനാട്
III-A grade നിഖിൽ പുറങ്ങാട്ടിൽ - തെനേരി
III-A grade മിഥുൻ മഠത്താശേരി- പുതുശേരി

ജൂണിയർ - പെൺകുട്ടികൾ

I-A grade ദൃശ്യ പുത്തൻപുരയ്ക്കൽ - തേൾപാറ
II-A grade അനുമോൾ മോളത്ത് - ആലാറ്റിൽ
III-A grade ജോയിസ് പുഞ്ചയിൽ - അമ്പായത്തോട്

സീനിയർ - ആൺകുട്ടികൾ

I-A grade ജോസഫ് കുരുവികാട്ടിൽ - മരക്കടവ്
II-A grade ജോബിഷ് കീരംപാറ - വിളമ്പുകണ്ടം
III-A grade ജെസ്റ്റിൻ തുരുത്തേൽ - പടമല

ജൂണിയർ - പെൺകുട്ടികൾ

I-B grade നീതു കിഴക്കെകാലായിൽ - നടവയൽ
II-B grade ഷീന വട്ടകണ്ടത്തിൽ - പുതുശേരി
III-B grade ഷെറിൻ കോളറ - മാർട്ടിൻനഗർ

സൂപ്പർസീനിയർ - ആൺകുട്ടികൾ

I-A grade ഷെമിൽ പഴയങ്കോട്ടിൽ - ദീപ്തിഗിരി
II-A grade പയസ് അരുമായിൽ - ചോക്കാട്
III-A grade ജോസഫ് പുളിയാർമറ്റം - ദീപ്തിഗിരി

സൂപ്പർസീനിയർ - പെൺകുട്ടികൾ

I-A grade ബിൻസി പിണക്കാട്ട് - വഞ്ഞോട്
II-A grade ആൻസിറ്റ ഈറ്റക്കച്ചാലിൽ - ചുങ്കക്കുന്ന്
III-A grade പ്രിയ ആത്തുങ്കൽ - പയ്യമ്പള്ളി

**ചെറുകഥ**

ജൂണിയർ – ആൺകുട്ടികൾ

I-B grade പ്രതീഷ് വട്ടുകുളത്തിൽ – വിമലഗിരി
II-B grade അനൂപ് പല്ലാട്ടുതടത്തിൽ – നിരവിൽപുഴ
III-B grade ക്ലിന്റോ കപ്പലുമാക്കൽ – കരിമാനി

ജൂണിയർ – പെൺകുട്ടികൾ

I-A grade നാഷി പുളിക്കയത്ത് – മീനങ്ങാടി
II-B grade നീതു ആശാരിപറമ്പിൽ – കബനിഗിരി
III-B grade നീതു മേനാച്ചേരി – കൊട്ടിയൂർ
III-B grade അഞ്ചു മോളത്ത് – ആറാട്ടുതറ

സീനിയർ – ആൺകുട്ടികൾ

I-A grade ജോർജ് ഇടിമറ്റത്തിൽ – മണിമൂളി
II-A grade ജോബി ആലുങ്കൽ – തലഞ്ഞി
III-B grade വർഗീസ് വാക്കേൽ – സീതാമൗണ്ട്

സീനിയർ – പെൺകുട്ടികൾ

I-A grade തെരേസ നാക്കുഴിക്കാട്ട് – കല്ലോടി
II-A grade അതുല്യ ചക്കുളത്തിൽ – അമരക്കുനി
III-B grade നീതു കിഴക്കേകാല – നടവയൽ
III-B grade അലീന നെടുങ്കല്ലേൽ – കാട്ടിക്കുളം

സൂപ്പർസീനിയർ – ആൺകുട്ടികൾ

I-A grade ലിൻസ് അമ്പലത്തിങ്കൽ – പാടിച്ചിറ
II-A grade മെജോഷ് പുന്നകോട്ടിൽ – പഴൂർ
III-A grade ജിന്റോ കൊച്ചുകുടിയാറ്റിൽ – മുതിരേരി

സൂപ്പർസീനിയർ – പെൺകുട്ടികൾ

I-A grade ഷീല പാലത്തുംതലയ്ക്കൽ – മുതിരേരി
II-A grade ഷൈല പാലത്തുംതലയ്ക്കൽ – മുതിരേരി
III-A grade റോസ് മേരി കൊടക്കാട്ട് – മണിമൂളി
III-A grade സീന വെള്ളമറ്റത്തിൽ – കല്ലുമുക്ക്

**കവിത**

ജൂണിയർ – ആൺകുട്ടികൾ

I-A grade അമൽ കാഞ്ഞിരത്താംകുഴി – ചുങ്കക്കുന്ന്
II-B grade അഖിൽ ആളൂക്കാരൻ – പറളിക്കുന്ന്
III-B grade എബിൻ അറയ്ക്കൽ – പാടിച്ചിറ

ജൂണിയർ - പെൺകുട്ടികൾ

I-A grade ശില്പ നെല്ലിക്കാട്ടിൽ - അരിഞ്ചേർമല

II-B grade എൽസ ഉരുളേൽ - പഴൂർ

II-C grade ചിപ്പി പള്ളിപറമ്പിൽ - പാടിച്ചിറ

സീനിയർ - ആൺകുട്ടികൾ

I-A grade ജോബിൻ വെള്ളാപ്പള്ളി - കേളകം

II-A grade ക്രിസ്റ്റിൻ താന്നിക്കാല - പറളിക്കുന്ന്

III-A grade ബിബിൻ ആലയ്ക്കൽ - കയ്യൂന്നി

സീനിയർ - പെൺകുട്ടികൾ

I-A grade ലിനി കുഴികണ്ടത്തിൽ - മീനങ്ങാടി

II-A grade അൽഫോൻസ പൂക്കൊമ്പിൽ - കല്ലോടി

III-A grade ആൻസ്മേരി മങ്കൊമ്പിൽ - കല്ലോടി

സൂപ്പർ സീനിയർ - ആൺകുട്ടികൾ

I-B grade ജോഷി കളരിക്കൽ - ചോക്കാട്

II-C grade ജിജോ കൊച്ചുപുരയ്ക്കൽ - വാകേരി

III-C grade ജസ്റ്റിൻ പുന്നയ്ക്കപടവിൽ - പാൽചുരം

സീനിയർ - പെൺകുട്ടികൾ

I-A grade ബീന കുരിക്കാട്ടിൽ - കല്ലോടി

II-A grade ജോയ്സി തൊണ്ണംമാക്കൽ - പയ്യമ്പള്ളി

III-C grade ജീന വട്ടക്കുന്നേൽ - കല്ലുമുക്ക്

## ദുരിതാശ്വാസ സഹായനിധി തന്നശാഖകൾ

കുറുമ്പാല - 200, പാൽചുരം-360, വാളവയൽ-300, കയ്യൂന്നി-1364, പാലേമാട്-500, പടമല-250, പുതുശേരിക്കടവ്-300, ബോയ്സ്ടൗൺ-192, കേണിച്ചിറ-1000, വഞ്ഞോട്-500, പനഞ്ചിറ-210, ചുണ്ടക്കര -250, കേളകം - 377, ശാന്തിഗിരി - 200, തരിയോട് - 700, മുണ്ടേരി - 200, ഭൂദാനം-100, ചെറുകാട്ടൂർ-300, പന്തിപൊയിൽ-100, പാറത്തോട്ടം - 150, വാകേരി-150, പ്രശാന്തഗിരി-265, പാലാങ്കര-1500, ചിത്രഗിരി-400, അരുൾനിലയം-615, പനവല്ലി-100, മണിമൂളി-1840, വൈത്തിരി-200, കൊമ്മയാട്-641, നെല്ലിയോടി-100.

## ദൈവവിളി സഹായം തന്നശാഖകൾ

വൈത്തിരി-250, കല്ലുവയൽ-500, മുതിരേരി-500, ചെറുകാട്ടൂർ-500.

## മേഖലാവാർത്തകൾ

*പയ്യമ്പള്ളി* - മേഖലാ ജോ. ഡയറക്ടേഴ്സ് സംഗമം മാർട്ടിൻ നഗർ ശാഖയിൽ വച്ചുനടന്നു.

*പുൽപ്പള്ളി* – സി.എം.എൽ. സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ അനുസ്മരണം നടത്തി. വി.ബലിയിൽ രൂപതാഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ പങ്കെടുത്തു. പൊതുസമ്മേളനത്തിൽ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ശ്രീ. ജോൺസൺ ചിറായിൽ എന്നിവർ പ്രസംഗിച്ചു.

*ഗൂഡല്ലൂർ* – വി. മരിയ ജോൺ വിയാനിയുടെ ഫോട്ടോയും ലഘുജീവ ചരിത്രവും അടങ്ങുന്ന കാർഡ് എല്ലാ ശാഖയിലും അയച്ചു. കുഞ്ഞേട്ടന്റെ അനുസ്മരണം നടത്തി. കർണ്ണാടക, തമിഴ്നാട്, കേരളം രാത്രികാല ഗതാഗതം നിരോധിച്ചതിനെതിരെ മേഖലാ കമ്മറ്റി പ്രതിഷേധിക്കുകയും, പത്രകുറിപ്പിടുകയും ചെയ്തു. സെമിനാർ (യേശുവിന്റെ പിന്നാലെ) നടത്തി. "മിഷൻലീഗിന്റെ ചരിത്രവും പ്രസക്തിയും, വ്യക്തിത്വ വികസനം കുട്ടികളിൽ" എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ. ജെയിംസ് ചെമ്പക്കര, ശ്രീ. ലിന്റോ പാട്ടശേരി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

*കല്ലോടി* – കുഞ്ഞേട്ടന്റെ അനുസ്മരണ ദിനം ആചരിച്ചു. സമ്മേളനത്തിൽ രൂപതാപ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ പ്രസംഗിച്ചു.

**ശാഖാ വാർത്തകൾ**

*മുതിരേരി* – വൈദികദിനത്തിൽ യവനാർകുളം ഇടവക സന്ദർശിച്ച് വികാരിയച്ചന് ആശംസകൾ അർപ്പിക്കുകയും, സമ്മാനം നൽകുകയും ചെയ്തു. ഒരു കുടുംബത്തിന് ആവശ്യമായ വീട്ടുപകരണങ്ങൾ നൽകി. സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ഓണകിറ്റ് വിതരണം ചെയ്തു.

*യവനാർകുളം* – ഭവനസന്ദർശനം നടത്തി, ബൈബിൾ സർവ്വേ നടത്തി.

*ഏലപ്പീടിക* – രോഗീസഹായമായി 1000 രൂപ നൽകി. സിമിത്തേരി സന്ദർശനം നടത്തി. വചനകൂടാരം നിർമ്മിച്ചു.

*പ്രശാന്തഗിരി* – നാഗസാക്കി, ഹിരോഷിമ ദിനങ്ങളുടെ ഓർമ്മയ്ക്കായി ചുമർപത്രിക തയ്യാറാക്കി. റോഡിലെ കുഴികൾ നികത്തി വൃത്തിയാക്കി.

*മുള്ളൻകൊല്ലി* – മുൻവികാരിമാർക്ക് ആശംസാകാർഡുകൾ അയച്ചു. രോഗീസന്ദർശനം, സാഹിത്യശില്പശാല നടത്തി.

*കുന്നൂർ* – പള്ളിയും പരിസരവും വൃത്തിയാക്കി. കാലവർഷകെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്കായി ആരാധന നടത്തി പ്രാർത്ഥിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 60 വയസിനുമേൽ പ്രായമായവരെ ആദരിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്തു.

*കൽപ്ര* – ആരാധന നടത്തി. ഓരോ ഗ്രൂപ്പിലെയും അംഗങ്ങൾ ഓരോ ആഴ്ചയിലും പ്രോഗ്രാമുകൾ നടത്തി.

*മച്ചിക്കൊല്ലി* – കുഞ്ഞേട്ടന്റെ അനുസ്മരണത്തോടനുബന്ധിച്ച് മൗന ജാഥയും പൊതുസമ്മേളനവും നടത്തി.
*പനഞ്ചിറ* – രോഗീസന്ദർശനം നടത്തി, തിരുബാലസഖ്യം കുട്ടികൾ ഒരുമിച്ച് ആശംസകൾ നേർന്നു.
*കുന്നലാടി* – വൈദികർക്കുവേണ്ടി ആരാധന നടത്തി.
*മണ്ണുവയൽ* – പള്ളിപരിസരം വൃത്തിയാക്കി, ആരാധന നടത്തി.
*ഒലിവുമല* – 'മഴക്കാലരോഗങ്ങൾ' ലഘുലേഖ തയ്യാറാക്കി പ്രദർശിപ്പിച്ചു. രോഗീസന്ദർശനം നടത്തി. മിഷൻഗ്രാമത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി.
*വൈത്തിരി* – വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.
*നെടുമ്പാല* – സംഗീത പരിശീലനം, ബൈബിൾക്വിസ് നടത്തി.
*വാകേരി* – ബത്തേരി മേഖലയിൽ എല്ലാ വൈദീകർക്കും ആശംസാ കാർഡുകൾ അയച്ചു. ജപമാലയും, ആരാധനയും നടത്തി.
*അമ്പലവയൽ* – സിമിത്തേരി, പള്ളിപരിസരം വൃത്തിയാക്കി. രോഗീസന്ദർശനം, അൾത്താരസംഗമം, അരിവിതരണം എന്നിവ നടത്തി.
*കമ്മന* – സംഗീത പരിശീലനം, ആരാധന എന്നിവ നടത്തി
*നെല്ലിയോടി* – വൈദീകർക്കുവേണ്ടി പ്രത്യേക ആരാധന നടത്തി.
*വെള്ളൂന്നി* – അസാധാരണ കൗൺസിൽകൂടി കുഞ്ഞേട്ടന്റെ അനുസ്മരണം നടത്തി.
*പാലാങ്കര* – ഭവനസന്ദർശനം നടത്തി. കുഞ്ഞേട്ടന്റെ അനുസ്മരണ യോഗത്തിൽ അനുശോചന പ്രമേയം അവതരിപ്പിച്ചു. മൗനറാലി നടത്തി.
*അരിഞ്ചേർമല* – ബൈബിൾവാക്യ പഠനമത്സരം നടത്തി. വചനകൂടാരം നിർമ്മിച്ചു. സി.എം.എൽ. ന്റെ ബാന്റ് മേളം ഉദ്ഘാടനം ചെയ്തു.
*വിളമ്പുകണ്ടം* – കൊളാഷ് മത്സരം നടത്തി. അർദ്ധദിന സെമിനാർ നടത്തി. സി. സെലീന എസ്.കെ.ഡി. ക്ലാസിന് നേതൃത്വം നൽകി. ഡിബെറ്റ് നടത്തി.
*വാളവയൽ* – മുൻവികാരിമാർക്കും, ഇടവകയിൽ നിന്നും വൈദികരായവർക്കും ആശംസാ കാർഡുകൾ അയച്ചു.
*പനവല്ലി* – കൊളാഷ് മത്സരം നടത്തി. സിമിത്തേരി, പള്ളിപരിസരം വൃത്തിയാക്കി, കുഞ്ഞേട്ടന്റെ അനുസ്മരണം മൗനജാഥ എന്നിവ നടത്തി.
*എടയൂർകുന്ന്* – സിമിത്തേരി വൃത്തിയാക്കി
*പയ്യമ്പള്ളി* – പള്ളിപരിസരം വൃത്തിയാക്കി, ഗാനപരിശീലനം നടത്തി. കുഞ്ഞേട്ടന്റെ അനുസ്മരണം നടത്തി.

*മാർട്ടിൻനഗർ* – വി. ജോൺ മരിയ വിയാനിയുടെ ചുമർപത്രിക തയ്യാറാക്കി. അരിവിതരണം നടത്തി. ക്വിസ് മത്സരം നടത്തി.

*അപ്പപ്പാറ* – അർദ്ധദിന സെമിനാർ നടത്തി. സി. അനിലിറ്റ് എസ്.എ.ബി.എസ്. നേതൃത്വം നൽകി. സിമിത്തേരി സന്ദർശനം, ഭവനസന്ദർശനം നടത്തി.

*കാട്ടിക്കുളം* – എയ്ഞ്ചൽമീറ്റ് നടത്തി. സ്വാതന്ത്ര്യദിന സന്ദേശം കൈമാറി.

*കുഞ്ഞോം* – മിഷൻഗ്രാമത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. പരിസരം ശുചീകരിച്ചു.

*ജൂഡ്സ്മൗണ്ട്* – വി. ജോൺ മരിയവിയാനിയുടെ ജീവിതകഥ സ്കിറ്റ് രൂപത്തിൽ അവതരിപ്പിച്ചു. പള്ളിപരിസരം വൃത്തിയാക്കി.

*ദീപ്തിഗിരി* – സിമിത്തേരി സന്ദർശനം നടത്തി. പള്ളിപരിസരം വൃത്തിയാക്കി.

*പുതുശേരി* – കുഞ്ഞേട്ടന്റെ അനുസ്മരണം – മൗനജാഥ നടത്തി.

*വെള്ളമുണ്ട* – സിമിത്തേരിസന്ദർശനം, പള്ളിപരിസര ശുചീകരണം നടത്തി. പൗരോഹിത്യം സി.ഡി. പ്രദർശിപ്പിച്ചു.

*കല്ലുവയൽ* – എല്ലാ വൈദീകർക്കും വേണ്ടി ജപമാലയർപ്പിച്ചു പ്രാർത്ഥിച്ചു.

*ചുണ്ടക്കര* – ബൈബിൾ ക്വിസ്, പൊതു വിജ്ഞാന മത്സരം നടത്തി. കുഞ്ഞേട്ടന്റെ ജീവിതത്തെയും പ്രേഷിതചൈതന്യത്തെയും കുറിച്ച് പ്രബന്ധം തയ്യാറാക്കി.

*കുറുമ്പാല* – വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

*പന്തിപോയിൽ* – വി. ജോൺ മരിയ വിയാനിയുടെ ചരിത്രം അവതരിപ്പിച്ചു. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

*പുതുശേരിക്കടവ്* – സംഘടനയെക്കുറിച്ച് റവ.ഫാ. ജോസ് കപ്യാരുമല ക്ലാസുകൾ നൽകി. അംഗങ്ങൾ മരതൈകൾ നട്ടു. ഓണകിറ്റ് വിതരണം ചെയ്തു.

*കോട്ടത്തറ* – രോഗീസന്ദർശനം, സിമിത്തേരി സന്ദർശനം നടത്തി.

*കാവുംമന്ദം* – അൾത്താരസംഗമം നടത്തി.

*ഭൂദാനം* – മേഖലയിലെ വൈദികർക്ക് ആശംസാ കാർഡുകൾ അയച്ചു. ദേവാലയ പരിസരം വൃത്തിയാക്കി. ഓണകിറ്റ് വിതരണം ചെയ്തു.

*മുണ്ടേരി* – ഇടവകയിൽ സേവനം ചെയ്ത മുൻ വികാരിമാർക്ക് ആശംസാകാർഡുകൾ അയച്ചു. വിശുദ്ധരുടെ തിരുനാളുകളോടനുബന്ധിച്ച്

അവരുടെ ചരിത്രം പൊതുവായി വായിക്കുന്നു. സിമിത്തേരി വൃത്തിയാക്കി.

*അമ്പായത്തോട്* – ശ്രമദാനം നടത്തി, മേഖലയിലെ വൈദീകർക്ക് ആശംസാ കാർഡുകൾ അയച്ചു.

*പാൽച്ചുരം* – രോഗീസന്ദർശനം നടത്തി. ബൈബിൾ ക്വിസ് നടത്തി.

## ഒക്ടോബർ മാസത്തെ ചിന്തകളും പ്രവർത്തനങ്ങളും

01 – വി. കൊച്ചുത്രേസ്യായുടെ തിരുനാൾ – മിഷൻമാസാരംഭം. ശാഖകളിലെ എല്ലാ ഭവനങ്ങളിലും പതാക ഉയർത്തൽ.

02 – സംഭാവന കൂപ്പൺ നറുക്കെടുപ്പ്

03 – ചെറുപുഷ്പ മിഷൻലീഗ് 62–ാം സ്ഥാപകദിനം. മേഖല പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ് ദ്വാരക.

04 – അംഗത്വസ്വീകരണം, നവീകരണം, ബൈബിൾ വാക്യപഠന മത്സരം – ശാഖയിൽ, പഠനഭാഗം – പ്രഭാഷകൻ.

07 – എവുക്കരിസ്ത്യ ബത്തേരി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

11 – ലോഗോസ് പരീക്ഷ. സമയം 1.30 – 3.00

18 – മിഷൻഞായർ – പൊതുദിവ്യകാരുണ്യ സ്വീകരണം, പ്രേഷിത റാലി, അസാധാരണ സമ്മേളനം.

19 – എവുക്കരിസ്ത്യ പുൽപ്പള്ളി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

25 – മിഷൻ 2009 നിലമ്പൂർ മേഖലയിൽ ശാഖാസന്ദർശനം. സെമിനാർ.

31 – മിഷൻമാസ സമാപനം. എവുക്കരിസ്ത്യ മണിമൂളി മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു.

## ക്രിസ്റ്റീൻ ധ്യാനങ്ങൾ

കുറ്റിയാംവയൽ, മക്കിയാട് എന്നീ ഇടവകകളിൽ ക്രിസ്റ്റീൻ രൂപതാ ടീമിന്റെ നേതൃത്വത്തിൽ ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ.ടോമി പുത്തൻപുരയ്ക്കൽ, റവ.ഫാ. ബിജു മാവറ, സി. മരിയ സി.എം.സി, സി. ടീന എസ്.എച്ച്., സി. ലിസ്മരിയ എസ്.കെ.ഡി., അനീഷ് ഉപ്പുവീട്ടിൽ, ജോസ് കഴുവേലിൽ, ജെന്നി, ജീസസ് യൂത്ത് ഫുൾടൈമർ ഷീന തുടങ്ങിയവർ നേതൃത്വം നൽകി.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**
രൂപതാസെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

സാമൂഹിക പ്രതിബദ്ധതയാർന്ന യുവത്വത്തിന്റെ അനിവാര്യത വിളിച്ചോതിക്കൊണ്ട് 'രാഷ്ട്രദർശൻ – 09' കൊടിയിറങ്ങി. യുവത്വം ആലസ്യത്തിലേക്കല്ല; മറിച്ച് ദേശസ്നേഹത്തിന്റെയും പൗരബോധത്തിന്റേയും ചിന്തകളിലൂടെ സമകാലീന സമൂഹത്തിന്റെ വികസന പന്ഥാവിൽ ശക്തി സ്രോതസുകളാകേണ്ടവർ എന്ന തിരിച്ചറിവ് യുവത്വത്തെ അസ്വസ്ഥമാക്കുന്നു. ഈ അസ്വസ്ഥത തീക്കനലായി കത്തിയെരിഞ്ഞ് യുവമനസുകളെ കർമ്മനിരതമാക്കണം. സമൂഹം – മത, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മേഖലകളിലെ മൂല്യച്യുതിയിലൂടെ കടന്നുപോകുമ്പോൾ ഉത്തരവാദിത്വമുള്ള പൗരനെന്ന നിലയിൽ രാഷ്ട്ര നിർമ്മിതിയിൽ പങ്കുകാരാവാൻ ക്രൈസ്തവ യുവത മുന്നോട്ട് വരണം.

യുവജനങ്ങൾക്ക് വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാട് ഉണ്ടാവണം. വെറും രാഷ്ട്രീയ കോമാളികളുടെ ചട്ടുകങ്ങളായി അക്രമത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും പാതയിലൂന്നിയ രാഷ്ട്രീയമല്ല, മറിച്ച് അടിയുറച്ച ദൈവവിശ്വാസത്തോടെ ധാർമ്മികതയോടും മൂല്യങ്ങളോടും പ്രതിജ്ഞാബദ്ധമായ ജീവിതശൈലിയോടെ, പൊതുജന സേവനവും വികസനവും ലക്ഷ്യംവയ്ക്കുന്ന രാഷ്ട്രീയ പ്രവർത്തന ശൈലിയുമായി മുന്നിട്ടിറങ്ങണം. 50% സ്ത്രീ സംവരണം പാസായ സാഹചര്യത്തിൽ സമൂഹത്തെ നയിക്കാൻ സ്ത്രീകൾ മുന്നിട്ടിറങ്ങണം. സമൂഹത്തിന്റെ രാഷ്ട്രത്തിന്റെ നയരൂപീകരണ വേദികളിൽ ക്രൈസ്തവ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം. അപ്രകാരം സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദമാകുവാൻ, മൂല്യാധിഷ്ഠിതമായ വികസനമെന്ന കാഴ്ചപ്പാടിലൂന്നി, ധാർമ്മിക ജനാധിപത്യ മൂല്യങ്ങളിൽ അടിയുറച്ച് – ഒരു പക്ഷെ അടുത്ത ത്രിതല പഞ്ചായത്ത് തിരഞ്ഞെടു

പ്പുകളിൽ ഇടപെടുവാൻ കത്തോലിക്കാ യുവജന പ്രസ്ഥാനത്തിനും, യുവജനങ്ങൾക്കും കഴിയണം.

'രാഷ്ട്രദർശൻ - 09' കത്തിച്ച് വയ്ക്കുന്ന മാറ്റത്തിന്റെ - പുതിയ ദർശനത്തിന്റെ - സാമൂഹ്യ ഇടപെടലിന്റെ പുതുവെളിച്ചം യുവമനസ്സുകളിൽ നിറഞ്ഞ്, സഭയെ, സമൂഹത്തെ സുസ്ഥിരമാക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
**സണ്ണിയച്ചൻ**

## രാഷ്ട്രദർശൻ 2009 - സംസ്ഥാനക്യാമ്പ്

കെ.സി.വൈ.എം. സംസ്ഥാനസമിതി മാനന്തവാടി രൂപതയിൽ വച്ചു നടത്തിയ രാഷ്ട്രദർശൻ-09 യുവജനക്യാമ്പിന് പയ്യംപള്ളി യൂണിറ്റിലെ സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ ആതിഥേയത്വം വഹിച്ചു. 11-09-09 വെള്ളിയാഴ്ച ആരംഭിച്ച ക്യാമ്പ് 13-09-09 ഞായറാഴ്ച അവസാനിച്ചു. സംസ്ഥാന പ്രസിഡണ്ട് ശ്രീ. ജോസഫ് തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് ശ്രീ. അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. രാഷ്ട്രദർശൻ 09 ക്യാമ്പിന്റെ ജനറൽ കൺവീനർ സജിൻ ജോസ് ചാലിൽ സ്വാഗതവും ക്യാമ്പ് രക്ഷാധികാരിയും രൂപതാ ഡയറക്ടറുമായ ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖപ്രഭാഷണവും നടത്തി. ക്യാമ്പ് ചെയർമാനും പയ്യംപള്ളി ഫൊറോന വികാരിയുമായ ഫാ. ജോസ് മുണ്ടയ്ക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. മിജാർക്ക് കോഡിനേറ്റർ ശ്രീ. ബിജു മാത്യു അരീക്കാട്ട്, രൂപത ആനിമേറ്റർ സി. ജെസ്‌ലീമ എസ്.ഡി, മേഖല പ്രസിഡണ്ട് റൺസോ ആര്യപ്പള്ളി എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ സെക്രട്ടറി സന്തോഷ് ഞാറക്കുളം ഉദ്ഘാടന സമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി.

മുൻ രൂപതാ പ്രസിഡണ്ട് ശ്രീ. റെജിമോൻ പുന്നോലിൽ പഴശ്ശിരാജ കോളേജ് അധ്യാപകൻ ശ്രീ. സജി മുണ്ടോക്കുഴി എന്നിവർ ക്യാമ്പ് കോഡിനേറ്റർമാരായിരുന്നു. റവ.ഫാ. വർഗീസ് വെള്ളാവൂർ - യുവജനം മനുഷ്യമഹത്വത്തിന്റെ പ്രയോക്താക്കൾ; ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ -കത്തോലിക്കാ യുവജന നേതൃത്വം, റവ.ഫാ. അഗസ്റ്റിൻ പുത്തൻപുര - പ്രതിബദ്ധതയാർന്ന സാമൂഹികയുവത്വം; സി. സിൽവി - യുവതയും വിശ്വാസജീവിതവും എന്നിവർ അതാത് വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. സംസ്ഥാന സെക്രട്ടറി ശ്രീ. സന്തോഷ് അറയ്ക്കൽ ക്യാമ്പ് സന്ദർശിച്ചു. തെയ്സേപ്രാർത്ഥന, കൾച്ചറൽ പ്രോഗ്രാംസ്, വിവിധ ഗെയിമുകൾ, ഗാനങ്ങൾ എന്നിവയും ക്യാമ്പിന്റെ വിജയത്തിന്

മാറ്റുകൂട്ടി. വിളമ്പുകണ്ടം യൂണിറ്റിലെ മനുതടത്തിൽ, കരിമാനി യൂണിറ്റിലെ ക്രിസ്റ്റീന ഓരത്തിൽ എന്നിവർ രാഷ്ട്രദർശൻ -09 ലെ മികച്ച ക്യാമ്പഗംങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. 13-09-09 ന് നടന്ന ക്യാമ്പിന്റെ സമാപനസമ്മേളനം കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജെയ്സൺ കൊള്ളന്നൂർ ഉദ്ഘാടനം ചെയ്തു. വൈ.പ്രസിഡണ്ട് ലിജി കളരിക്കൽ അധ്യക്ഷയായിരുന്നു. പയ്യമ്പള്ളി മേഖല ഡയറക്ടർ റവ. ഫാ. പ്രിൻസ് തുമ്പിയാംകുഴി, അനഘ ജോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപത കോഡിനേറ്റർ ജെസോയി മൂങ്ങനാനിയിൽ, നീന വടക്കേൽ, ബിനോയി പാനികുളം, സണ്ണി ജോസ് ചാലിൽ, ബെന്നി പച്ചിക്കൽ, ഷംജിത് ചേലയ്ക്കൽ, ഷിബു പുതിയവീട്ടിൽ, ജോബി നെല്ലിക്കുന്നേൽ എന്നിവർ ക്യാമ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇവരോടൊപ്പം പയ്യംപള്ളി മേഖല, യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും ക്യാമ്പിന്റെ വിജയത്തിന് നിസ്വാർത്ഥമായി സേവനം ചെയ്തു. ക്യാമ്പ് നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുതന്ന ബഹു. ജോസ് മുണ്ടയ്ക്കൽ അച്ചനെയും, പ്രിൻസ് അച്ചനെയും, ബഹു. സിസ്റ്റേഴ്സിനെയും ഇടവകാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. പയ്യംപള്ളി സ്കൂൾ ഹെഡ്മാസ്റ്റർ മത്തായി സാർ, പ്രിൻസിപ്പാൾ വത്സ ടീച്ചർ എന്നിവർക്കും ഏറെ നന്ദി അർപ്പിക്കുന്നു.

## മുല്ലപ്പെരിയാർ സമരസമിതിയ്ക്ക് ഐക്യദാർഢ്യം - നിരാഹാരസമരം

നാലു ജില്ലകളിലെ ലക്ഷക്കണക്കിനു വരുന്ന ജനങ്ങൾക്കു ഭീഷണിയായ ഇപ്പോഴത്തെ ഡാമിനുപകരം പുതിയ ഡാം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നടത്തുന്ന സമരസമിതിയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കെ.സി.വൈ.എം. സംസ്ഥാനസമിതിയും സമരത്തിന്റെ മുഖത്താണിപ്പോൾ. ഇതിന്റെ ഭാഗമായി നടത്തുന്ന റിലേ നിരാഹാരസമരത്തിൽ മാനന്തവാടി രൂപതയിൽ നിന്നും യുവജനങ്ങൾ സമരപന്തലിലെത്തി സെപ്റ്റംബർ 13-ാം തീയതി നിരാഹാരമനുഷ്ഠിച്ചു. രൂപതാപ്രസിഡന്റ് അനീഷ് ഓമക്കര, ബിനോയി പാനികുളം, ഷിബു പുതിയവീട്ടിൽ എന്നിവരുടെ നേതൃത്വത്തിലാണ് മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് സമരമുഖത്ത് ആവേശം വിതറിയത്. ഇവർക്ക് അഭിനന്ദനങ്ങൾ.

## സഹചലനം - 2009

യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി രൂപതാസമിതി നടത്തുന്ന യൂണിറ്റ് വിസിറ്റ് സഹചലനം - 2009 ൽ കഴിഞ്ഞമാസം വിസിറ്റ് നടത്തിയവരും യൂണിറ്റുകളുടെ പേരും ചുവടെ കൊടുക്കുന്നു.

പുൽപ്പള്ളി മേഖല–സെപ്റ്റംബർ 6:– സീതാമൗണ്ട് – റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, ശിശുമല – അനീഷ് ഓമക്കര, മരകാവ് – സജിൻ ജോസ് ചാലിൽ, മരക്കടവ് – ബിജു മാത്യു അരീക്കാട്ട്, കബനി ഗിരി – സന്തോഷ് ഞാറക്കുളം, പുൽപ്പള്ളി, പട്ടാണിക്കൂപ്പ് – ഷംജിത് ചേലയ്ക്കൽ.

കൊട്ടിയൂർ മേഖല–സെപ്റ്റംബർ 20 :–കൊട്ടിയൂർ – റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, അമ്പായത്തോട് – സി. ജെസ്‌ലിമ എസ്.ഡി., ചുങ്കക്കുന്ന് – ലിജി കളരിക്കൽ, ശാന്തിഗിരി – അനീഷ് ഓമക്കര, വെള്ളൂന്നി – ഷംജിത് ചേലയ്ക്കൽ, അടയ്ക്കാത്തോട് – സജിൻ ചാലിൽ

ബത്തേരി മേഖല–സെപ്റ്റംബർ 27:– ബത്തേരി – സജിൻ ജോസ് ചാലിൽ, അമ്പലവയൽ – ബെന്നി പച്ചിക്കൽ, ചിത്രഗിരി – ബിജു മാത്യു അരീക്കാട്ട്, കടൽമാട് – ബിനോയി പാനികുളം, മീനങ്ങാടി – ലിജി കളരിക്കൽ, പഴൂർ – മാത്യു തറയിൽ, തോമാട്ടുചാൽ – സന്തോഷ് ഞാറക്കുളം, വടക്കനാട് – അനീഷ് ഓമക്കര, വാകേരി – ഷംജിത് ചേലയ്ക്കൽ

## ഒക്ടോബർ മാസത്തിലെ യൂണിറ്റ് സന്ദർശനങ്ങൾ

ഒക്ടോബർ 4 – മാനന്തവാടി മേഖല, ഒക്ടോബർ 11 – നിലമ്പൂർ മേഖല, ഒക്ടോബർ 18 – മണിമൂളി മേഖല, ഒക്ടോബർ 25 – കല്ലോടി മേഖല.

## Thinking Cell

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ വരുംകാല പ്രവർത്തനങ്ങളെക്കുറിച്ചും, ആനുകാലിക വിഷയങ്ങളിൽ ഇടപെടേണ്ട മേഖലകളെക്കുറിച്ചും ചിന്തിക്കുന്നതിനും, ചർച്ചചെയ്യുന്നതിനുമായി സെപ്റ്റംബർ 9–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് Thinking cell യോഗം ചേർന്നു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ബിനു ഏറണാട്ട്, സണ്ണി ജോസ് ചാലിൽ, ഷിബു സി.വി. ചങ്ങാലിക്കാവിൽ, ഷാജു പി. ജെയിംസ്, അഡ്വ. ഷജിൽ ജോൺ, ജോസ് പള്ളത്ത്, സെബാസ്റ്റ്യൻ പാലംപറമ്പിൽ, റെജിമോൻ പുന്നോലിൽ എന്നിവർ പങ്കെടുത്തു.

## ഓണോത്സവ് – ഒലിവുമലയിൽ

വിവിധ മതസ്ഥരായ ആളുകളുടെ സാന്നിധ്യം കൊണ്ട് വൻവിജയമായ ഓണോത്സവ് ഒലിവുമലയിൽ കെ.സി.വൈ.എം. പ്രവർത്തകരുടെ നേതൃത്വത്തിൽ അരങ്ങേറിയത് പുതിയൊരു അനുഭവമായി. കലാമത്സരങ്ങളും, ഭക്ഷണവും നൽകി സ്നേഹവും,

ഐക്യവും, സൗഹാർദ്ദവും വളർത്തിയ പരിപാടി ശ്രീ. ശ്രേയസ്കുമാർ എം.എൽ.എ. ഉൽഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം, റവ.ഫാ. റോണി കാവിൽ, റവ.ഫാ. ബിനു പൈനുങ്കൽ എന്നിവർ സന്ദേശവും ആശംസകളും നൽകി. അജേഷ്, മനു, കെ.സി.വൈ.എം. മേഖല, യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## HIV ബാധിതരുടെ ഓണാഘോഷം - പ്രത്യാശയിൽ ഓഗസ്റ്റ് 29-ന്

മാനന്തവാടി: വയനാട്ടിലെ HIV ബാധിതരായ കുടുംബാംഗങ്ങളുടെ സ്നേഹകൂട്ടായ്മ വിവിധ ഓണാഘോഷ പരിപാടികളോടെ മാനന്തവാടി പ്രത്യാശയിൽ വച്ച് നടത്തി. വിവിധ ഭാഗങ്ങളിൽ നിന്നായി വന്ന 100-ൽ പരം ആളുകൾ പങ്കെടുത്ത ഓണാഘോഷത്തിൽ കുട്ടികളും മുതിർന്നവരും ചേർന്ന് പൂക്കളം ഉണ്ടാക്കി. സമൃദ്ധിയുടെയും, സമത്വത്തിന്റേയും, പങ്ക് വയ്ക്കലിന്റെയും ചിന്തകൾ നൽകി വിവിധ മത്സരങ്ങൾ നടത്തി. വിഭവസ്യദ്ധമായ ഓണസദ്യയും നൽകി. പുതിയൊരു അനുഭവമായിമാറി പലർക്കും.

ഓണാഘോഷ പരിപാടികളുടെ പ്രോഗ്രാമിന് മാനന്തവാടി വ്യാപാരി വ്യവസായി പ്രസിഡണ്ട് ശ്രീ. ഉസ്മാൻ അധ്യക്ഷത വഹിച്ച് സംസാരിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം യോഗം ഉൽഘാടനം ചെയ്തു. രൂപതാ ആനിമേറ്റർ സി. ജെസ്‌ലിമ SD ആമുഖപ്രഭാഷണം നടത്തി. സി. മേരി പോൾ SH, സി. ലില്ലി SH, സി. ചൈതന്യ SD, ശ്രീ. സുലൈമാൻ എന്നിവർ ആശംസകളർപ്പിച്ചു. മാനന്തവാടിയിലെ വിവിധ സംഘടനകളും, വ്യക്തികളും, സ്ഥാപനങ്ങളും നൽകിയ സമ്മാനങ്ങൾ, വസ്ത്രങ്ങൾ, ഓണസദ്യയുടെ വിഭവങ്ങൾ എന്നിവയടങ്ങിയ 'ഓണക്കിറ്റ്' പങ്കെടുത്ത എല്ലാ കുടുംബാംഗങ്ങൾക്കും വിതരണം ചെയ്തു. HIV പോസറ്റീവായ കുട്ടികളുടെ പഠനത്തിനായി SD സിസ്റ്റേഴ്സ് ഏർപ്പെടുത്തിയ ഫാ. വർഗ്ഗീസ് പയ്യപ്പിള്ളി മെമ്മോറിയൽ സ്കോളർഷിപ്പ് സോണൽ ഡയറക്ടർ സി. ചൈതന്യ SD വിതരണം ചെയ്തു. കുട്ടികൾക്കായി നടത്തിയ മത്സരങ്ങൾക്ക് സമ്മാനങ്ങൾ നൽകി. വിഭവസമൃദ്ധമായ ഓണസദ്യയോട് കൂടി അവസാനിച്ചു. ഓണാഘോഷങ്ങൾക്ക് സി. ജെസ്‌ലിമ SD, ശ്രീ. ഗോപി, ലിജി, ബിന്ദു, KCYM പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## യൂണിറ്റ് വാർത്തകൾ

പ്രശാന്തഗിരി:- 1) ഓഗസ്റ്റ് 15- ന് മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും ഭംഗിയായി ആഘോഷിച്ചു. പ്രസിഡണ്ട് ശ്രീ. ബിനു പൊട്ടയ്ക്കലിന്റെ നേതൃത്വത്തിൽ യൂണിറ്റ് അംഗങ്ങൾ അന്നേദിവസം ഇടവക ജനങ്ങൾക്കായി പായസം വിതരണം നടത്തി. 2) കെ.സി.വൈ.എം. മാനന്തവാടി മേഖലകളെ പങ്കെടുപ്പിച്ച്കൊണ്ട് പ്രശാന്തഗിരി കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ യൂണിറ്റിൽ വച്ച് വടംവലി മത്സരം നടത്തി. ഒന്നാംസമ്മാനം കണിയാരം യൂണിറ്റും, 2-ാം സമ്മാനം പ്രശാന്തഗിരി യൂണിറ്റും കരസ്ഥമാക്കി. ഒന്നാം സമ്മാനം 1001, രണ്ടാം സമ്മാനം 750. സമ്മാനതുക റവ.ഫാ. മാർട്ടിൻ പുതുശേരി നൽകി. 3) ഇടവകയിൽ ഒരു കുട്ടിയുടെ ചികിത്സാ സഹായത്തിന് യൂണിറ്റ് അംഗങ്ങൾ വാർഡുകൾ കയറി ഇറങ്ങി ഒരു വൻ തുക ആ കുടുംബത്തിന് നൽകി. 4) കെ.സി.വൈ.എം. മാനന്തവാടി മേഖലാ കലാ മത്സരത്തിൽ 197 പോയിന്റ് നേടി 2-ാം വർഷവും യൂണിറ്റ് ഒന്നാം സ്ഥാനത്ത് എത്തി.

**സജിൻ ജോസ് ചാലിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

മണിമൂളിയിൽ വച്ച് ഓഗസ്റ്റ് 20 മുതൽ 24 വരെ നടന്ന MPC കോഴ്സിൽ 60 യുവതീയുവാക്കൾ സംബന്ധിച്ചു. കോഴ്സിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിലെ വൈദീകർക്കും സഹപ്രവർത്തകർക്കും ക്ലാസുകൾക്ക് നേതൃത്വം നൽകിയ മാനന്തവാടി രൂപത കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി. ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സെപ്റ്റംബർ 5 മുതൽ 8 വരെ നടന്ന MPC കോഴ്സിൽ 85 യുവതീയുവാക്കൾ സംബന്ധിച്ചു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരേയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ഒക്ടോബർ 10 – 13 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 23 – 26 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 14 – 17 | – | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 21 – 25 | – | പാസ്റ്ററൽ സെന്റർ ദ്വാരക |

## മാതൃസംഘടന രൂപതാ എക്സിക്യൂട്ടീവ്

2009 സെപ്റ്റംബർ 10 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടി അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ നാല് മേഖലകളിൽ നിന്ന് ബഹു. ഡയറക്ടേഴ്സും ആറ് മേഖലകളിൽ നിന്നും ബഹു. ആനിമേറ്റേഴ്സും പങ്കെടുത്തു. 'മക്കളുടെ സ്വഭാവ രൂപീകരണം മാതാക്കളിലൂടെ' എന്ന വിഷയത്തെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. ഡിസംബറിൽ രൂപതാ ഇലക്ഷൻ നടത്തേണ്ടതിനാൽ ഒക്ടോബറിൽ ശാഖാ തെരഞ്ഞെടുപ്പും നവംബറിൽ മേഖലാ തെരഞ്ഞെടുപ്പും നടത്തുവാനും തീരുമാനിച്ചു. ശാഖാ മേഖലാ തലങ്ങളിൽ വേണ്ടത് ചെയ്യുമല്ലോ.

## നെയ്ക്കുപ്പ ശാഖ

നടവയൽ മേഖല - നെയ്ക്കുപ്പ ശാഖാവാർഷികം 22-08-09 ന് നടത്തി. പ്രസിഡന്റ് ആനിജോസ് അദ്ധ്യക്ഷത വഹിച്ചു. പുഷ്പപോൾ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശാഖാ ഡയറക്ടർ റവ. ഫാ. ചാക്കോച്ചൻ മുണ്ടത്താനം, വാർഡ് മെമ്പർ ശ്രീമതി അന്നക്കുട്ടി ജോസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മേഖലാ ആനിമേറ്റർ റവ. സി. ബെൻസി CMC 'ഒരു അമ്മ കുടുംബത്തിലും സഭയിലും എങ്ങനെ ആയിരിക്കണം' എന്ന വിഷയത്തെ ആസ്പദമാക്കി അമ്മമാർക്ക് ക്ലാസെടുത്തു. ഷീബ ജോസ് എല്ലാവർക്കും നന്ദി പറഞ്ഞു. വി. മോനിക്കാ പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് അംഗങ്ങൾ കുമ്പസാരിച്ച് ഒരുങ്ങി. വി. കുർബാനയ്ക്ക് പാട്ട്, ലേഖന വായന, കാഴ്ചവെയ്പ്പ് പ്രദക്ഷിണം എന്നിവ നടത്തി. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## വൈത്തിരി ശാഖ

വൈത്തിരി ശാഖയിലെ ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കലും ആനിമേറ്റർ സി. എൽസീനയും 20 അമ്മമാരും കൂടി 23 ന് ഭരണങ്ങാനം, രാമപുരം, കൂത്താട്ടുകുളം, വല്ലാർപാടം, ചാലക്കുടി എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 25 ന് തിരിച്ചെത്തി.

## തൃശിലേരി ശാഖ

തൃശിലേരി സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് മേഖലാ സെമിനാർ നടത്തപ്പെട്ടു. 11 ശാഖകളിൽ നിന്നുമായി 110 അംഗങ്ങൾ പങ്കെടുത്തു. സെമിനാറിൽ രൂപതാ ഡയറക്ടർ റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ വി. ബലി അർപ്പിച്ചു, തുടർന്ന് മക്കളുടെ സ്വഭാവരൂപീകരണത്തിൽ അമ്മമാർക്കുള്ള പങ്കിനെക്കുറിച്ച് ക്ലാസെടുത്തു. മേഖല ഡയറക്ടർ റവ. ഫാ. തോമസ് ഒറ്റപ്ലാക്കലച്ചന്റെ നേതൃത്വത്തിൽ ബൈബിൾ ക്വിസ് നടത്തി വിജയികളെ കണ്ടെത്തുകയും തുടർന്നുള്ള ചർച്ചയിൽ അടുത്ത സെമിനാർ നവംബറിൽ കമ്മന ഇടവകയിൽ വച്ച് നടത്താനും തീരുമാനിച്ചു. പ്രസ്തുത സെമിനാറിൽ മേഖലാ ആനിമേറ്റർ റവ. സി. മരിയറ്റ സ്വാഗതവും റവ. ഫാ. തോമസ് ഒറ്റപ്ലാക്കൽ, റവ. ഫാ. ശാന്തിദാസ് എന്നിവർ ആശംസകളും അർപ്പിച്ചു. പ്രസിഡന്റ് ശ്രീമതി. മോളി മണിമല നന്ദി രേഖപ്പെടുത്തി.

## ദീപ്തിഗിരി ശാഖ

പരി. അമ്മയുടെ ജനനതിരുനാളിനൊരുക്കമായി ദീപ്തിഗിരി ഇടവകയിൽ മാതൃസംഘടനയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 1 മുതൽ 8 വരെ ആഘോഷപൂർവ്വം കൊണ്ടാടി. ഓരോ ദിവസവും വാർഡ് തിരിച്ച്

ജപമാല പ്രാർത്ഥനയിലും, കാഴ്ചസമർപ്പണത്തിലും, കുർബാനയിലെ വായനകളിലും അമ്മമാർ നേതൃത്വം നൽകി. ഈ തിരുനാൾ ദിവസങ്ങളിൽ ഇടവകയിൽ മുമ്പ് സേവനമനുഷ്ഠിച്ച വികാരിയച്ചന്മാരെ ക്ഷണിക്കുകയും പൂച്ചെണ്ട് നൽകി സ്വീകരിക്കുകയും വി. കുർബാനയും സന്ദേശവും അവർ നൽകുകയും ചെയ്തു. കടന്നുവന്ന വൈദികർക്ക് സമ്മാനങ്ങൾ നൽകി അനുമോദിക്കുകയും ചെയ്തു. സെപ്റ്റംബർ 8 ന് ജനനതിരുനാളിന് മാതൃദിനമായി ഇടവകയിൽ ആഘോഷിച്ചു. അമ്മമാർക്ക് ആശംസകളും അനുമോദനങ്ങളും നൽകി. വി. ബലിക്കുശേഷം അമ്മമാർ കൊണ്ടുവന്ന മധുരപലഹാരങ്ങൾ വിതരണം ചെയ്തു. പരി. അമ്മയുടെ ജനനതിരുനാൾ ഇടവകാജനം മുഴുവൻ ആഘോഷിച്ചു.

## ഏലപ്പീടിക ശാഖ

ഏലപ്പീടിക ഇടവകയിൽ വികാരി റവ. ഫാ. ചാക്കോ വാഴക്കാലായുടെ നേതൃത്വത്തിൽ പ്രസിഡന്റ് ശ്രീമതി ലിസമ്മ മഠത്തിപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ആനിമേറ്റർ സി. ജോസ്ന SKD യുടെ സാന്നിദ്ധ്യത്തിൽ മാതൃസംഘത്തിന്റെ മീറ്റിംഗ് നടന്നു.

പള്ളിപരിസരം വൃത്തിയാക്കി. ഒരു പാവപ്പെട്ട കുടുംബത്തെ കണ്ടെത്തി 01-09-09 ന് അമ്മമാരുടെ നേതൃത്വത്തിൽ ഓണക്കോടി കൊടുത്തു. 04-09-09 ന് പൂക്കളമത്സരം, കായികമത്സരം എന്നിവ നടത്തി. തുടർന്ന് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്ക് റവ. ഫാ. ചാക്കോ വാഴക്കാല സമ്മാനവിതരണം നടത്തി. 8-09-09 ൽ നടന്ന മീറ്റിംഗിൽ ഹാജർ വിളിച്ചപ്പോൾ എല്ലാ അമ്മമാരും വചനം പറയുന്നതിൽ തീക്ഷ്ണമതികളായിരുന്നു. റിപ്പോർട്ട് അവതരണത്തിനു ശേഷം പരി. അമ്മ ജീവന്റെ പ്രതീകം, സ്നേഹത്തിന്റെ ഉറവിടം, പ്രത്യാശയുടെ മൂല്യം എന്ന വിഷയത്തെ ആസ്പദമാക്കി അച്ചൻ ക്ലാസ് നയിച്ചു. എട്ട് നോമ്പ് ആചരണത്തോടനുബന്ധിച്ച് അമ്മമാരുടെ നേതൃത്വത്തിൽ ജപമാല നടത്തി പരി. അമ്മയുടെ ജനനതിരുനാൾദിനം അമ്മമാർ യൂണിഫോം ധരിക്കുകയും, ജപമാല, കാഴ്ചസമർപ്പണം, ദിവ്യബലിയിൽ പാട്ട്, വചനവായന എന്നിവ നടത്തുകയും ചെയ്തു. വരുന്ന മാസത്തെ പ്രവർത്തനത്തെ പറ്റി ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

## യവനാർകുളം ശാഖ

യവനാർകുളം ഇടവകയിലെ മാതൃസംഘടനയുടെ ഒരു യോഗം 2009 ഓഗസ്റ്റ് 28 ന് ബഹു. ഇടവക വികാരി റവ. ഫാ. ഷാജു മുളവേലിക്കുന്നേലച്ചന്റെ അദ്ധ്യക്ഷതയിൽ പള്ളിയിൽ വച്ചു കൂടി. കുടുംബജീ

വിതത്തെ പറ്റിയും മക്കളെ സൻമാതൃകയിൽ വളർത്തേണ്ട ആവശ്യകതയെപ്പറ്റിയും ബഹു. വികാരിയച്ചൻ ഒരു മണിക്കൂർ ക്ലാസെടുത്തു. തുടർന്ന് മാതൃസംഘടനാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | - | വൽസ കൊച്ചുകുടി |
| വൈ. പ്രസിഡന്റ് | - | ലാലി മറ്റത്തിലാനിക്കൽ |
| സെക്രട്ടറി | - | സെലിൻ തൊട്ടിയിൽ |
| ജോ. സെക്രട്ടറി | - | മിനി ആക്കപ്പടിക്കൽ |
| ട്രഷറർ | - | ഷീജ മറ്റത്തിലാനിക്കൽ |

തിരുവോണത്തിന്റെ ഭാഗമായി 12 -ാം തീയതി കായിക മത്സരങ്ങൾ നടത്തി വിജയികളെ കണ്ടെത്തി.

**കെ.സി.ബി.സി. വനിതാകമ്മീഷൻ**

കെ.സി.ബി.സി. വനിതാകമ്മീഷൻ സംസ്ഥാനതല ശില്പശാലയും സമ്മേളനവും സെപ്റ്റംബർ 4, 5, 6 തീയതികളിൽ സി.ബി.സി.ഐ വനിതാ കമ്മീഷനുമായി ചേർന്ന് എറണാകുളം പി. ഒ. സി. യിൽ വെച്ച് നടത്തുകയുണ്ടായി. മാനന്തവാടി രൂപതാ ആനിമേറ്റർ സി. റ്റെസീന, വനിത കമ്മീഷൻ സെക്രട്ടറി ഡോ. വത്സ സക്കറിയ, മാതൃസംഘടനാ പ്രസിഡന്റ് ശ്രീമതി. കത്രിക്കുട്ടി, മരിയൻ സിംഗിൾസ് പ്രസിഡന്റ് മേരി എന്നിവരാണ് പങ്കെടുത്തത്. വനിതാ കമ്മീഷൻ ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മൂന്നു ദിവസവും മുഴുവൻ നേരവും ഉണ്ടായിരുന്നു. മാർ വർഗീസ് ചക്കാലക്കലും ശ്രീ. റ്റി.കെ. ജോസ് IAS ഉം ശ്രീമതി. നീന ജോസഫും ക്ലാസുകൾ എടുത്തു. സി. ലില്ലി ഫ്രാൻസീസ് വനിത കമ്മീഷൻ സെക്രട്ടറി എല്ലാത്തിനും നേതൃത്വം നൽകി. കെ.സി.ബി.സി. സെക്രട്ടറി ശ്രീമതി ബീന ക്ലാസുകളും മറ്റു പരിപാടികളും നന്നായി ക്രമീകരിച്ചു. സി. ലില്ലി എഴുതിയ The Empowerment of Women In the Church And Society എന്ന പുസ്തകം പ്രകാശനം ചെയ്തു.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

4-9-2009 ആദ്യവെള്ളി 52 ശുശ്രൂഷകർ സോണൽ മീറ്റിംഗിൽ സംബന്ധിച്ചു. 9.30 -12 വരെ ജപമാല, സ്തുതി, ആരാധന, സിയോൻ ശുശ്രൂഷകളെയും സമർപ്പിച്ചുകൊണ്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ അർപ്പിച്ചു. 12 മണിക്ക് ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. യോഹ.5: 1-9 വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ബദ്സയ്ദാ - കാരുണ്യ ത്തിന്റെ ഭവനം എന്നർത്ഥം. ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ യായ ഈശോയ്ക്ക് ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയാണ്. അവിടുത്തേയ്ക്ക് ഇന്നു മാത്രമേയുള്ളു. അതുകൊണ്ട് ഇന്നലെകൾ അവിടുത്തെ കാരുണ്യത്തിനും നാളെകൾ അവിടുത്തെ പരിപാല നയ്ക്കും വിട്ടുകൊടുത്തുകൊണ്ട് ആത്മാവിന്റെ പ്രേരണയനുസരിച്ച് ഇന്ന് ജീവിക്കുക. ആത്മീയരായിരിക്കാൻ ശ്രമിക്കുമ്പോൾ ആത്മാവി ന്റെയും ജഡത്തിന്റെയും പ്രവണതകൾ നമ്മിൽ സംഘർഷം ഉണ്ടാക്കും. എന്നാൽ നമുക്കു മുമ്പേ പോയി മലകൾ നിരപ്പാക്കുന്ന വനും പിച്ചളവാതിൽ തകർക്കുന്നവനും ഇരുമ്പോടാമ്പലുകൾ തകർക്കു ന്നവനുമാണ് കർത്താവ് (ഏശയ്യ 45: 2, 3) അച്ചൻ അനുസ്മരിപ്പിച്ചു.

ദിവ്യബലിക്കുശേഷം ശുശ്രൂഷകർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ശ്രീ. ജോണി കുന്നുംപുറം അവതരിപ്പിച്ചു. എൽഡറിംഗിനും പാസ്റ്ററിംഗിനുമായി തുടർന്നുള്ള സമയം വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6 PM - 12 വരെ ജാഗരണപ്രാർത്ഥന നടത്തി. പരി. അമ്മയുടെ ജനനതിരുനാളിന് ഒരുങ്ങുന്ന ദിവസമായിരുന്നതിനാൽ കൂടുതൽ സമ യവും ജപമാല ചൊല്ലി അമ്മയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു.

ബഹു. ജോർജ് മേമന അച്ചൻ വി. ബലി അർപ്പിച്ചു. ആരാധന ബഹു. പാറയിൽ അച്ചനും സീയോൻ ടീമും മ്യൂസിക് ടീമും ചേർന്ന് നയിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 5-9-09**

ആത്മാവിന്റെ നിറവിൽ, അഭിഷേകത്തോടെ ഇന്നത്തെ ശുശ്രൂഷകൾ ചെയ്യുവാനുള്ള അനുഗ്രഹത്തിനായി പരി. അമ്മയുടെ സന്നിധിയിൽ എത്തി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സിയോൻ ഹാളിലൂടെ നടന്ന് ശുശ്രൂഷകർ സ്തുതികളുയർത്തി. ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചൻ ഹാളിനെയും ശുശ്രൂഷകരെയും വി. ജലം തളിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ഒരുക്ക ശുശ്രൂഷകൾ നടത്തി. 8.30 ന് സ്റ്റേജിൽ പതിവുള്ള ശുശ്രൂഷകൾ - ജപമാല, സ്തുതി, ആരാധന - നടത്തി. 11 മണിക്ക് ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചൻ വചനം പങ്കുവെച്ചു. 12 മണിക്ക് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി.

ലഘു ഭക്ഷണത്തിനുശേഷം സിയോനിൽ വന്ന് പ്രാർത്ഥിച്ച് ലഭിച്ച അനുഗ്രഹങ്ങൾ അനേകർ സാക്ഷ്യപ്പെടുത്തി. തുടർന്ന് ദിവ്യകാരുണ്യനാഥന് ആരാധന അർപ്പിച്ചു. രോഗികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ദിവ്യകാരുണ്യ പ്രദക്ഷിണ സമയത്ത് കർത്താവ് അത്ഭുതങ്ങളും അടയാളങ്ങളും വർഷിച്ചു. കനത്ത മഴ ഉണ്ടായിട്ടും ധാരാളം ദൈവമക്കൾ സൗഖ്യവും അനുഗ്രഹങ്ങളും പ്രതീക്ഷിച്ച് കടന്നു വന്നു. 62 പേർക്ക് കൗൺസിലിംഗ് നടത്തി. കുമ്പസാരത്തിന് സൗകര്യം ഒരുക്കി. ക്രിസ്റ്റീൻ മക്കൾക്കായി പ്രത്യേക ശുശ്രൂഷകൾ സിയോൻ ചാപ്പലിൽ നടത്തി.

**രണ്ടാംശനി ശുശ്രൂഷകൾ**

**കൗൺസിലിംഗ് ദിനം**

65 പേർ വന്ന് കൗൺസിലിംഗ് നടത്തി പോയി.

**യുവജന ദിനം**

60 യുവജനങ്ങൾ ഇന്നത്തെ ശുശ്രൂഷയിൽ പങ്കെടുത്തു. ദിവ്യബലി, വചനസന്ദേശം, കൗൺസിലിംഗ്, കുമ്പസാരം ഇവ കൂടാതെ പ്രോലൈഫ് പ്രോഗ്രാമിന്റെ ക്ലാസും കൂടുവാൻ സാധിച്ചു.

**ദമ്പതി കൂട്ടായ്മ & പ്രോലൈഫ് പ്രോഗ്രാം**

10 AM ന് ജപമാലയോടുകൂടി ആരംഭിച്ചു. 11 മണിക്ക് ബഹു. ഷാജി മുളകൊടിയാങ്കൽ അച്ചൻ വി. ബലി അർപ്പിച്ചു. 12 ന് പ്രോലൈഫ്

മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജീവന്റെ സംരക്ഷണത്തെക്കുറിച്ചുള്ള ക്ലാസുണ്ടായിരുന്നു. ഭ്രൂണഹത്യയെക്കുറിച്ചുള്ള ഡോക്യുമെന്ററിയും കാണിക്കുകയുണ്ടായി. പ്രോലൈഫ് മിനിസ്ട്രി കോ- ഓഡിനേറ്റർ അഡ്വ. കെ. എ. ജോസ്, മലബാർ സബ് റീജണൽ കോ-ഓർഡിനേറ്റർ ശ്രീ. സാലു അബ്രാഹം എന്നിവർ നേതൃത്വം നൽകി. ക്ലാസിൽ ജീസസ് യൂത്തിലെ യുവജനങ്ങളെയും പങ്കെടുപ്പിച്ചു. 70 ദമ്പതികൾ കൂട്ടായ്മയിൽ പങ്കെടുത്തു. നശിപ്പിക്കപ്പെടുന്ന ഓരോ ജീവനും സംരക്ഷിക്കുവാനുള്ള ചുമതല എല്ലാവർക്കും ഉണ്ട് എന്ന ബോദ്ധ്യം പങ്കെടുത്തവർക്ക് ലഭിച്ചു. 21 – 09 – 09 ന് ചുങ്കക്കുന്ന് ഫൊറോനാതലത്തിൽ ദമ്പതികൂട്ടായ്മയുടെ ഏകദിന പ്രോഗ്രാം നടത്താനും ബഹു. ജോസ് കുളിരാനി അച്ചൻ, ശ്രീ. ജോസഫ് തോട്ടുപുറം, സണ്ണി പേര്യക്കോട്ടിൽ, ശ്രീ. ജോസഫ് വട്ടക്കുന്നേൽ എന്നിവർ ക്ലാസെടുക്കാമെന്നും തീരുമാനിച്ചു.

### മൂന്നാം വെള്ളി - സൗഖ്യദിനം 18 - 9- 09

പതിവിൽ കൂടുതൽ ആളുകൾ ഇന്നത്തെ സൗഖ്യപ്രാർത്ഥനയിൽ സംബന്ധിച്ചു. ശ്രീ. ചാക്കോച്ചൻ പുത്തൻപുരയും ശ്രീ. ജോർജ് കൈനിക്കുന്നേലും ജപമാലയും സ്തുതി ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നയിച്ചു. ബഹു. സണ്ണി കൊല്ലാർതോട്ടം അച്ചൻ അഭിഷേക പ്രാർത്ഥനയും കൈവെയ്പ്പുപ്രാർത്ഥനയും നടത്തി. വി. ബലി അർപ്പിച്ച് സന്ദേശം നൽകി. രോഗികൾക്ക് കൗൺസിലിംഗിന് സൗകര്യം ഒരുക്കി.

### ധ്യാനം കോളേജ് കുട്ടികൾക്ക്

കോഴിക്കോട് പ്രൊവിഡൻസ് കോളേജിൽ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചനും ടീമും ചേർന്ന് 25-28 തീയതികളിൽ ധ്യാനം നടത്തി.

### സിയോൻ ഒക്ടോബർ മാസത്തിൽ

**ഒക്ടോബർ**

| | | | |
|---|---|---|---|
| 2 | ആദ്യവെള്ളി | - | സോണൽ മീറ്റിംഗ് |
| | | | ജാഗരണ പ്രാർത്ഥന |
| 3 | ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| | | | ക്രിസ്റ്റീൻ കൺവെൻഷൻ |
| | | | കൗൺസിലിംഗ് |
| 9 | രണ്ടാംവെള്ളി | - | കൗൺസിലേഴ്സിന്റെ ജാഗരണ പ്രാർത്ഥന |

| | | |
|---|---|---|
| 10 രണ്ടാംശനി | – | കൗൺസിലിംഗ് ദിനം |
| | | യുവജനകൂട്ടായ്മ |
| | | ദമ്പതി കൂട്ടായ്മ |
| 16 മൂന്നാം വെള്ളി | – | സൗഖ്യ ദിനം |
| 16–20 | – | മരിയൻ ധ്യാനം |
| 30 | – | ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി) |

**മരിയൻ ധ്യാനം ഒക്ടോബർ 16 – 20**

ഒക്ടോബർ മാസം – ജപമാല റാണിയായ
പരിശുദ്ധ അമ്മയോടൊത്ത് യേശുവിന്റെ
തിരുമുഖം ധ്യാനിക്കാൻ മരിയൻ
ധ്യാനത്തിലേക്ക് ഏവർക്കും സ്വാഗതം

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരിസഹോദരന്മാരേ,

ജപമാല ഭക്തിയുടെ മാസമായ ഒക്ടോബറിലേയ്ക്ക് പ്രവേശിക്കുമ്പോൾ പ്രാർത്ഥിക്കുവാനായി നമുക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുകയാണ്. 10 ദിവസത്തെ പ്രത്യേക പ്രാർത്ഥനാ ദിനങ്ങളിൽ സഖ്യാംഗങ്ങളെല്ലാവരും സജീവമായി പങ്കെടുക്കുകയും മറ്റെല്ലാ നിയോഗങ്ങളോടുമൊപ്പം വിൻസെൻഷ്യൻ സംഘടനയുടെ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയുള്ള പ്രത്യേക നിയോഗവും സമർപ്പിക്കണമെന്നോർമ്മിപ്പിക്കുന്നു. പ്രത്യേകിച്ച്, നാഷണൽ കൗൺസിൽ കേരള സോൺ പ്രോജക്റ്റ് ഓഫീസറായിരുന്ന ബ്ര. പി. ആർ. ക്ലാരൻസിന്റെ ആകസ്മിക മരണം നിങ്ങളെ അറിയിക്കുന്നു. 10-9-09 ന് ഹൃദയാഘാതം മൂലം മരണമടഞ്ഞ സഹോദരന്റെ ആത്മാവിനു നിത്യശാന്തി നേർന്നു പ്രാർത്ഥിക്കുകയും അനുശോചനത്തിൽ പങ്കുചേരുകയും ചെയ്യുക. മൃതസംസ്കാര ശുശ്രൂഷയിൽ പങ്കുചേരാൻ ഞാനും ബ്ര. ജോണി പാറ്റാനിയും ആലപ്പുഴയ്ക്കുപോയിരുന്നു.

26-9-09 നു മണിമൂളി സെമിനാറും 28-9-09 ന് നടവയലിൽ വച്ച് സി. സി യോഗവും ചേർന്നു. ഇംഗ്ലണ്ട് & വെയിത്സിന്റെ ടിന്നിംഗ് ഗ്രാന്റും TTS, HES രണ്ടാം ഗഡു മൂന്നാം ഗഡു ഗ്രാന്റുകളും വിതരണം നടത്തി. റീച്ചൗട്ട്, ഓസ്സാനാം ബുള്ളറ്റിനുകൾ, SOS ലഘുലേഖകൾ എന്നിവയും ഇതിനകം കോൺഫ്രൻസുകൾക്ക് ലഭിച്ചു കാണുമെന്നു കരുതുന്നു. സ്കോളർഷിപ്പ് 2009-10 അപേക്ഷകൾ ലഭിച്ചിടത്തോളം നാഷനൽ കൗൺസിലിനു അയച്ചുകൊടുത്തിട്ടുണ്ട്.

**ഓസ്സാനാംഭവൻ**

സന്ദർശനത്തിനു നിശ്ചയിച്ചുതരുന്ന മാസങ്ങളിൽ കോൺഫ്രൻസുകൾ സന്ദർശനവും ശുശ്രൂഷയും സഹായങ്ങളും നൽകുന്നുണ്ടെന്നു കരുതട്ടെ.

**നവംബർ മാസം**

ആദ്യപകുതി 2 മുതൽ 18 വരെ തീയതികളിൽ പാടിച്ചിറ എ.സി. യിലെ കോൺഫ്രൻസുകളും 19 മുതൽ 30 വരെ പയ്യമ്പിള്ളി എ. സി. യിലെ കോൺഫ്രൻസുകളും സന്ദർശനം മുടങ്ങാതെ നടത്തണമെന്നോർമ്മിപ്പിക്കുന്നു.

**പ്രോജക്റ്റ്**

പ്രവർത്തനസജ്ജരായ കോൺഫ്രൻസുകളെക്കൊണ്ട് പാവപ്പെട്ടവർക്ക് ഉപയുക്തമായ പ്രോജക്ടുകൾ അപേക്ഷിപ്പിക്കാൻ എ. സി. പ്രസിഡന്റുമാർ ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ലഹരി വിരുദ്ധ ക്യാമ്പ്**

കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ മുക്തി ലഹരി ചികിത്സാ കേന്ദ്രം, വേൾഡ് വിഷൻ എന്നിവയുടെ സഹായത്തോടെ ഓഗസ്റ്റ് 19 മുതൽ 29 വരെ ബോയ്സ്ടൗണിലെ WSSS സെന്ററിൽ വച്ച് ദശദിന ലഹരി വിരുദ്ധ ചികിത്സാ ക്യാമ്പ് നടത്തി. മുക്തി ലഹരി ചികിത്സാ കേന്ദ്രത്തിലെ ഫാ. റെജി. T. C., ചാക്കോ K.C. ചാക്കോ, ഡോ. സാറാമ്മ, അബ്രാഹം, ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ക്ലാസ് നയിച്ചു. കൗൺസിലിംഗിന് സി. ജോവിറ്റ, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, T.C. ചാക്കോ, മിസിസ് റെജി എന്നിവർ നേതൃത്വം നൽകി. ജനറൽ സെക്രട്ടറി വി. സി. രാജു, സി. ജോവിറ്റ, സി. മരിയ C.M.C. എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. 13 ദമ്പതികളാണ് ക്യാമ്പിൽ പങ്കെടുത്തത്. 5 ദമ്പതികളെ പറഞ്ഞയച്ച നെടുംമ്പാല ഇടവക വികാരി റവ. ഫാ. തോമസ് പൊൻതൊട്ടിക്കും സി. മരിയ S.H. നും പ്രത്യേകം നന്ദി.

**മോചന ചുള്ളിയാന**

ചുള്ളിയാന ഇടവകയിൽ മോചന സംഘടിപ്പിച്ചു. WSSS ന്റെയും ഫാം വയനാട്, KCYM, CMA എന്നിവയുടെയും സംയുക്ത ആഭിമുഖ്യ ത്തിലാണ് സെമിനാർ നടത്തിയത്. മദ്യവിരുദ്ധ സമിതി രൂപതാ പ്രസി ഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു. ചുള്ളിയാന ഇടവക വികാരി റവ. ഫാ. സണ്ണി പുതനപ്ര ഉദ്ഘാടനം ചെയ്തു.

**മോചന വാളത്തൂർ**

W.W.A യുടെ നേതൃത്വത്തിൽ വാളത്തൂരിൽ വെച്ച് മോചന സി.ആനീസ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

## നീർവാരം G.H.S.S

നീർവാരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി മോചന സംഘടിപ്പിച്ചു. ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

## മലപ്പുറം സമരം 400 -ാം ദിവസത്തിൽ

മദ്യനിരോധനത്തിനുള്ള ജനാധികാരം തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മദ്യനിരോധന സമിതി സംസ്ഥാന സമിതി മലപ്പുറം കളക്ട്രേറ്റിനു മുന്നിൽ നടത്തുന്ന സത്യാഗ്രഹസമരം 400-ാം ദിവസത്തിലേക്ക് കടന്നു. സത്യാഗ്രഹത്തിന് ഇതുവരെ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഒരു പരിഗണനയും ലഭിച്ചിട്ടില്ല. രൂപതാ ആനിമേറ്റർ സി. ജോവിറ്റ നിരന്തരമായി സമര പന്തലിൽ ഉപവാസമനുഷ്ഠിക്കുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**ഓണാഘോഷം**

സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 26, 27, 28, 29, 31 തീയതികളിൽ മേഖലാതലത്തിൽ ഓണാഘോഷ പരിപാടികൾ നടത്തി. കലാകായിക മത്സരങ്ങൾ, സാംസ്കാരിക സമ്മേളനം, പായസവിതരണം ഇവ ഓണാഘോഷത്തിന് മികവേകി.

ആഗസ്റ്റ് 26 –ാം തീയതി കല്ലോടി മേഖല ഓണാഘോഷം ദീപ്തിഗിരി സെന്റ് തോമസ് പാരീഷ് ഹാളിൽ വെച്ച് നടത്തി. കലാകായിക മത്സരങ്ങൾ രാവിലെ 9.30 ന് ആരംഭിക്കുകയും വിജയികൾക്കുള്ള സമ്മാനസമർപ്പണത്തോടുകൂടി അവസാനിക്കുകയും ചെയ്തു. സാംസ്കാരിക സമ്മേളനത്തിൽ SWS ഡയറക്ടർ റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജയപ്രകാശ് ഉദ്ഘാടനം ചെയ്തു. വിജയികൾക്കുള്ള സമ്മാനസമർപ്പണം സി. ലില്ലി മാത്യു നിർവ്വഹിച്ചു. മേഖലാ കോർഡിനേറ്റർ ജോസ്. പി. എം സ്വാഗതമരുളുകയും SWS പ്രസിഡന്റ് റോസിലി കുര്യൻ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

27 –ാം തീയതി മാനന്തവാടി മേഖല ഓണാഘോഷം ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വെച്ച് നടത്തി. സാംസ്കാരിക സമ്മേളനത്തിൽ SWS ഡയറക്ടർ റവ. ഫാ. ജോർജ് ആലുക്ക അദ്ധ്യക്ഷത വഹിക്കുകയും പനമരം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. സണ്ണി ചെറുകാട് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പനമരം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ഷാജി കുഴികണ്ടത്തിൽ ആശംസകളർപ്പിച്ചു. സി. ലില്ലി മാത്യു വിജയികൾക്കുള്ള സമ്മാനസമർപ്പണം നിർവ്വഹിച്ചു. മേഖല കോർഡിനേറ്റർ ഷാജി കുടക്കച്ചിറ സ്വാഗതവും ചെറുകാട്ടൂർ SWS പ്രസിഡന്റ് ആന്റണി വെള്ളക്കാകുടി നന്ദിയും രേഖപ്പെടുത്തി.

ആഗസ്റ്റ് 28 -ാം തീയതി കല്പറ്റ മേഖല ഓണാഘോഷ പരിപാടി പുതുശ്ശേരിക്കടവ് ക്രൈസ്റ്റ് ദി കിംഗ് പാരീഷ് ഹാളിൽ വെച്ച് നടത്തി SWS ഡയറക്ടർ റവ. ഫാ. ജോസ് കപ്യാരുമലയിൽ അദ്ധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടർ റവ. ഫാ. ചാക്കോ മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. കലാകായിക മത്സര വിജയികൾക്ക് സി. ലില്ലി മാത്യു സമ്മാന സമർപ്പണം നടത്തി. മേഖല കോർഡിനേറ്റർ സിജോ. കെ. ജെ സ്വാഗതവും പുതുശ്ശേരിക്കടവ് SWS പ്രസിഡന്റ് കുര്യൻ കുടിലിൽ നന്ദിയും രേഖപ്പെടുത്തി.

ആഗസ്റ്റ് 29-ാം തീയതി കൊട്ടിയൂർ മേഖല ഓണാഘോഷം ഇമിഗ്രേഷൻ ജൂബിലി മെമ്മോറിയൽ ഹൈസ്കൂളിൽ വച്ച് നടത്തി. സാംസ്കാരിക സമ്മേളനത്തിൽ ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി അദ്ധ്യക്ഷത വഹിച്ചു. കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ജോർജ് തുമ്പൻതുരുത്തിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും വിജയികൾക്കുള്ള സമ്മാനസമർപ്പണം നടത്തുകയും ചെയ്തു. വെള്ളൂന്നി SWS പ്രസിഡന്റ് ജോസ് അലക്സാണ്ടർ ആശംസകളർപ്പിച്ചു. കൊട്ടിയൂർ SWS പ്രസിഡന്റ് സി. റ്റി. ജോസഫ് സ്വാഗതവും ചുങ്കക്കുന്ന് SWS പ്രസിഡന്റ് തോമസ് മഞ്ചുവള്ളി നന്ദിയും രേഖപ്പെടുത്തി.

ആഗസ്റ്റ് 31 -ാം തീയതി പുൽപ്പള്ളി മേഖല ഓണാഘോഷം ഇരുളം സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് നടത്തി. പൂതാടി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. ആലിക്കുഞ്ഞ് സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തു. SWS ഡയറക്ടർ റവ. ഫാ. അലക്സ് കളപ്പുരയിൽ അദ്ധ്യക്ഷത വഹിക്കുകയും കലാകായിക മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനസമർപ്പണം നിർവ്വഹിക്കുകയും ചെയ്തു. ജനറൽ കോർഡിനേറ്റർ കെ. ഒ. ജോയി ആശംസകളർപ്പിച്ചു. SWS പ്രസിഡന്റ് ബാബു. വി. ജി സ്വാഗതവും മേഖല കോർഡിനേറ്റർ ജോർജ് ജോസഫ് നന്ദിയും രേഖപ്പെടുത്തി.

## ദുരിതാശ്വാസ സഹായം നൽകി

കാത്തലിക് റിലീഫ് സർവ്വീസിന്റെ സഹായത്തോടെ കാലവർഷക്കെടുതി മൂലം ദുരിതമനുഭവിച്ചവർക്ക് ഭക്ഷണകിറ്റ്, പാത്രങ്ങൾ, വസ്ത്രം എന്നിവ വിതരണം ചെയ്തു. ആഗസ്റ്റ് 20 -ാം തീയതി സെന്റ് ജോസഫ് കത്തീഡ്രൽ ഹാളിൽ വച്ച് നടത്തിയ മീറ്റിംഗ് WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. സഹായവിതരണോദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി സിൽവി തോമസ് നിർവ്വഹിച്ചു. പദ്ധതി വിശദീകരണം CRS കേരള പ്രോഗ്രാം

ഓഫീസർ ഫ്രാൻസീന നടത്തി. റവ. ഫാ. ജോർജ് മൈലാടൂർ സ്വാഗതവും SWS സെക്രട്ടറി സാൽവി ചാക്കോ നന്ദിയും രേഖപ്പെടുത്തി. അരിഞ്ചേർമല, ചുള്ളിയാന, കല്ലുവയൽ, കുറ്റിമൂല, കാരയ്ക്കാമല, മാനന്തവാടി, പയ്യമ്പള്ളി, മുതിരേരി, പ്രശാന്തഗിരി, പുതിയിടം, ബോയ്സ്ടൗൺ, തവിഞ്ഞാൽ, തലപ്പുഴ, പോരൂർ, ദ്വാരക, ദീപ്തിഗിരി, കല്ലോടി, ജൂഡ്സ്മൗണ്ട് എന്നീ SWS യൂണിറ്റുകളിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തു. ആകെ 333 പേർക്ക് സഹായം നൽകി.

മാനന്തവാടി പഞ്ചായത്തിലെ എയ്ഡ്സ് പുനരധിവാസ കേന്ദ്രമായ പ്രത്യാശ ഭവനിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തു. 45 അംഗങ്ങൾക്ക് സഹായം നൽകി. സി. ലില്ലി മാത്യു പ്രസ്തുത പരിപാടിക്ക് നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ്

കാത്തലിക് റിലീഫ് സർവ്വീസിന്റെ സാമ്പത്തിക സഹായത്തോടെ ബാവലി, മീൻകൊല്ലി കോളനിയിലും, മുതിരേരി SWS യൂണിറ്റിലും മെഡിക്കൽ ക്യാമ്പ് നടത്തി. മുതിരേരി SWS യൂണിറ്റിലെ ക്യാമ്പ് SWS ഡയറക്ടർ റവ. ഫാ. സജി കോട്ടായിൽ ഉദ്ഘാടനം ചെയ്തു. പകർച്ചപ്പനിക്കെതിരെയുള്ള മുൻകരുതൽ എന്ന നിലയ്ക്കാണ് പ്രസ്തുത ക്യാമ്പ് സംഘടിപ്പിച്ചത്. ഡോക്ടർ സി. ലില്ലി ജോസ് MSMI സി. ഇന്നസെന്റ് MSMI എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ഹോമിയോ മെഡിക്കൽ ക്യാമ്പ്

പകർച്ചവ്യാധികളെ പ്രതിരോധിക്കുകയും, പ്രതിരോധശേഷി വീണ്ടെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ചുങ്കക്കുന്ന്, പയ്യമ്പള്ളി, എള്ളുംമന്ദം എന്നീ സ്ഥലങ്ങളിൽ, മാനന്തവാടി നിർമ്മല ഹോമിയോ സെന്ററിന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് നടത്തി.

ആഗസ്റ്റ് 20 -ാം തീയതി ചുങ്കക്കുന്ന് ഫാത്തിമ മാതാ ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ മെഡിക്കൽ ക്യാമ്പ് റവ. ഫാ. തോമസ് ചേറ്റാനി ഉദ്ഘാടനം ചെയ്തു. 79 പേർ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. 23 -ാം തീയതി എള്ളുംമന്ദം ഗ്രാമോദ്ധാരണ വായനശാലയിൽ വച്ച് നടത്തിയ മെഡിക്കൽ ക്യാമ്പ് എടവക ഗ്രാമപഞ്ചായത്ത് മെമ്പർ ജെസി ഷാജി ഉദ്ഘാടനം ചെയ്തു. 124 പേർ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു.

പയ്യമ്പള്ളിസെന്റ് കാതറൈൻസ് പാരീഷ്ഹാളിൽ വെച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ മാനന്തവാടി ഗ്രാമപഞ്ചായത്ത് മെമ്പർ

നന്ദിനി വേണുഗോപാൽ അദ്ധ്യക്ഷത വഹിക്കുകയും WSSS ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 50 പേർ ക്യാമ്പിൽ പങ്കെടുത്തു. മാനന്തവാടി നിർമ്മല ഹോമിയോ സെന്ററിലെ ഡോക്ടർ സി. ഡോളി SKD യും ടീം അംഗങ്ങളും ക്യാമ്പിന് നേതൃത്വം നൽകി.

## കൊട്ടിയൂർ മേഖല ദുരിതാശ്വാസ സഹായം

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ പകർച്ചപ്പനി ബാധിച്ചവർക്ക് അടിയന്തരസഹായമായി ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. ആഗസ്റ്റ് 28 -ാം തീയതി കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് നടത്തിയ വിതരണോദ്ഘാടനം കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിസിലി ആമക്കാട്ട് നിർവ്വഹിച്ചു. റവ. ഫാ.ഡെന്നീസ് പൂവത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. 100 കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു.

ചുങ്കക്കുന്ന് ഫാത്തിമ മാതാ ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ വിതരണോദ്ഘാടനം റവ. ഫാ. മനോജ് കാക്കോനാൽ നിർവ്വഹിച്ചു. 124 കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു.

അമ്പായത്തോട് സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് നടത്തിയ വിതരണോദ്ഘാടനം റവ. ഫാ. ജോസ് കുളിരാനി നിർവ്വഹിച്ചു. 43 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു.

ആഗസ്റ്റ് 31 -ാം തീയതി വെള്ളൂന്നി പ്രൊവിഡൻസ് L. P സ്കൂളിൽ വച്ച് നടത്തിയ വിതരണോദ്ഘാടനം കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലിസി ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസ് തയ്യിൽ അദ്ധ്യക്ഷത വഹിച്ചു. 190 കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു.

പാൽച്ചുരം, നെല്ലിയോടി എന്നീ SWS യൂണിറ്റുകളിലും യഥാക്രമം 25 കുടുംബങ്ങൾക്കും 40 കുടുംബങ്ങൾക്കും ഭക്ഷണകിറ്റ് വിതരണം ചെയ്തു.

## തൊഴിലധിഷ്ഠിത പരിശീലനം

നബാർഡ് കേരളാ റീജിയന്റെ സഹായത്തോടെ സ്വാശ്രയ സംഘങ്ങളിപ്പെട്ട അംഗങ്ങൾക്കുവേണ്ടി ടെക്സ്റ്റയിൽ പ്രിന്റിംഗ് ആന്റ് ഫേബ്രിക് പെയിന്റിംഗ് എന്ന തൊഴിലധിഷ്ഠിത പരിശീലനം ആഗസ്റ്റ് 17 -ാം തീയതി WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ 35 സംഘാംഗങ്ങൾ പങ്കെടുക്കുന്നു.

**സന്ദർശനം നടത്തി**

കാത്തലിക് റിലീഫ് സർവ്വീസിന്റെ കേരളാ നിർവ്വഹണ ഓഫീസർ ഫ്രാൻസീന WSSS സന്ദർശിക്കുകയും കാലവർഷക്കെടുതി പ്രദേശങ്ങൾകണ്ട് ബോധ്യപ്പെടുകയും WSSS നടപ്പാക്കിയ വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും WSSS പ്രവർത്തനങ്ങളിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

**ഫാം വയനാട്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മാനന്തവാടി, പടിഞ്ഞാറത്തറ, കോട്ടത്തറ പഞ്ചായത്തുകളിൽ ഫാം വയനാടിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതോടൊപ്പം പടിഞ്ഞാറത്തറ പഞ്ചായത്തിലെ പെരിങ്ങോട്ടുകുന്ന് അംബേക്കർ ചീരപൊയിൽ കോളനി കേന്ദ്രീകരിച്ച് ആദിവാസി വികസന പ്രവർത്തനങ്ങളും നടത്തുന്നു.

ട്രൈബൽ മേഖലയിൽ 9-8-09 ന് 'മാറാരോഗങ്ങളും ആരോഗ്യ പരിപാലനവും' എന്ന വിഷയത്തിൽ സെമിനാർ നടത്തി. കോളനി മൂപ്പൻ ശ്രീ. വെളിയൻ സെമിനാർ ഉദ്ഘാടനം ചെയ്തു. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ജില്ലാ പ്രസിഡന്റ് ശ്രീ. മായൻ ക്ലാസ്സെടുത്തു. 26 പുരുഷന്മാരും 37 സ്ത്രീകളും ഉൾപ്പെടെ ആകെ 63 പേർ സെമിനാറിൽ പങ്കെടുത്തു.

21-8-09 ന് അരിക്കാം കോളനിയിൽ വിളനാട്ടി ഉത്സവം നടത്തി. വാർഡ് മെമ്പർ അസ്മാബീവി ഉദ്ഘാടനം ചെയ്തു. ഫാം വയനാട് പ്രോഗ്രാം മാനേജർ ശ്രീ. ഇ. ജെ. ജോസ് അദ്ധ്യക്ഷത വഹിച്ചു. 250 പേർ പങ്കെടുത്ത പരിപാടിയിൽ പഞ്ചായത്ത് പ്രതിനിധികൾ, SFC ടീം അംഗങ്ങൾ WSSS പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

9-8-09 ന് സെന്റ് കാതറൈൻസ് ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സെമിനാറിൽ റവ. ഫാ. ജോസ് മുണ്ടക്കൽ അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി ബ്ലോക്ക് മെമ്പർ ശ്രീമതി സിൽവി തോമസ് സെമിനാർ ഉദ്ഘാടനം ചെയ്തു. 'വിഷമുക്ത ഭക്ഷ്യോൽപ്പാദനം' എന്ന വിഷയത്തിൽ ശ്രീ. പി. എ. ജോസ് ക്ലാസ് എടുത്തു. 58 പുരുഷന്മാരും 71 സ്ത്രീകളും ഉൾപ്പെടെ ആകെ 129 പേർ സെമിനാറിൽ പങ്കെടുത്തു.

22-8-09 ന് വാളൽ യു. പി. സ്കൂളിൽ വച്ച് കോട്ടത്തറ പഞ്ചായത്തുതല സെമിനാർ നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് മധു എസ് നമ്പൂതിരി ഉദ്ഘാടനം ചെയ്തു. 'മാറുന്ന കൃഷി രീതിയും മാറാരോഗങ്ങളും' എന്ന വിഷയത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

ശ്രീ. എം. വി. ബിജു, ശ്രീ. സി. വി. ജോസ് (WSSS) എന്നിവർ ക്ലാസ്സെടുത്തു. ആകെ 56 പേർ സെമിനാറിൽ പങ്കെടുത്തു.

**ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം**

ചെറുകാട്ടൂർ, പയ്യമ്പള്ളി, മഞ്ഞൂറ, സീതാമൗണ്ട്, കമ്മന എന്നീ സ്ഥലങ്ങളിൽ ആഗസ്റ്റ് മാസം 4 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 5 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 85800 രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ബയോഗ്യാസ് നിർമ്മാണ മേഖലയിൽ നടപ്പാക്കി. 17500 രൂപയുടെ സബ്സിഡി ലഭ്യമാക്കുന്നതിനും സാധിച്ചു. കൂടാതെ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയും 7 പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥാന നിർണ്ണയം നടത്തുകയും ചെയ്തു.

**ഫെറോ സിമന്റ് വാട്ടർ ടാങ്ക് നിർമ്മാണം**

വേൾഡ് വിഷൻ വയനാട് ADP യുടെ സാമ്പത്തിക സഹായത്തോടെ പുതിയിടത്ത് സാഗര കുടുംബശ്രീ അംഗങ്ങൾക്കായി 10,000 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. 22000 രൂപയുടെ നിർമ്മാണ പ്രവർത്തനമാണ് ഈ മേഖലയിൽ ഓഗസ്റ്റ് മാസം നടപ്പാക്കുവാൻ കഴിഞ്ഞത്.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ, WSSS മാനന്തവാടി



# അറിയിപ്പുകൾ

## 1) വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

മുൻവർഷങ്ങളിലെപ്പോലെ കുവൈറ്റ് മലയാളി കാത്തലിക് അസോസിയേഷൻ (കെ.എം.സി.എ.) സിൽവർ ജൂബിലി ട്രസ്റ്റ് ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 200 വിദ്യാർത്ഥികൾക്ക് 4000 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2009 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ താഴെപ്പറയുന്ന പ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 87% മാർക്ക് ഉള്ളവർ ആയിരിക്കണം. (A+ = 90 marks, A = 80 marks, B+ = 70 marks, B = 60 marks, C+ = 50 marks, C = 40 marks എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.)

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര് / ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോ കോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2009 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം:

K.T. Thomas Karippaparampil
D.T. Road,
Kanjirappally - 686 507

സ്നേഹപൂർവ്വം,
**കെ.റ്റി. തോമസ്**

## 2) വിമോചനസമര കനകജൂബിലി - ഒരഭ്യർത്ഥന

ലോകശ്രദ്ധയാകർഷിച്ച വിമോചനസമരത്തിന്റെ കനകജൂബിലി സംസ്ഥാനതലത്തിൽ വിപുലമായ തോതിൽ കേരള കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നവംബറിൽ എറണാകുളത്ത് വച്ച് നടത്തുകയാണ്. (അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ്, ലാറ്റിൻ കാത്തലിക് കോൺഗ്രസ്സ്, മലങ്കര കാത്തലിക് അസോസിയേഷൻ എന്നീ സംഘടനകളുടെ ഫെഡറേഷനാണ് കേരളാ കാത്തലിക് ഫെഡറേഷൻ). പ്രസ്തുത സമ്മേളനത്തിൽ വച്ച് വിമോചന സമര സേനാനികളെ ആദരിക്കുന്നതാണ്. വിമോചന സമരത്തിൽ പങ്കെടുത്തവരുടെയും നേതൃത്വം നൽകിയവരുടെയും പേരും മേൽവിലാസവും ജോൺ കച്ചിറമറ്റം ജനറൽ കൺവീനർ, വിമോചനസമര കനകജൂബിലി കമ്മിറ്റി, പിഴക് പി.ഒ. 686 655 കോട്ടയം എന്ന വിലാസത്തിൽ ഒക്ടോബർ 31-ാം തീയതിക്കകം ലഭിക്കത്തക്കവിധം അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹു. വികാരിമാർ ഇടവകയിലോ സമീപപ്രദേശത്തോ ഉള്ളവരുടെ ലിസ്റ്റ് അയച്ചുകൊടുക്കുവാൻ ശ്രമിക്കണമെ. വിശദവിവരങ്ങൾ സേനാനികളെ ഇവിടെ നിന്നും നേരിട്ടറിയിക്കുന്നതാണ്. വിമോചന സമരത്തിൽ പങ്കെടുത്തവർക്കും നേരിട്ട് ലിസ്റ്റ് അയക്കാവുന്നതാണ്.

**ഫാ. ജോസ് കോട്ടയിൽ**

സ്പിരിച്വൽ അഡ്വൈസർ



# Programme

## PASTORAL CENTRE, DWARAKA

### October - 2009

| | | |
|---|---|---|
| 02 Fri | - | Catechism: Teaching Sisters Meet |
| | - | Zion CRC: Night Vigil |
| 03 Sat | - | Zion CRC: Prayer Day, Christeen Prayer Day |
| 07 Wed | - | CML: Executive meeting |
| 10 Sat | - | Jesus Youth : Prayer Day CML Meghala President - Secretary Meeting |
| 10 Sat 13 Tue | - | Marriage Preparation Course |
| 16 Fri 21 Wed | - | Zion CRC: Marian Retreat |
| 17 Sat | - | Catechism: HDC Convocation |
| 23 Fri 26 Mon | - | Marriage Preparation Course |
| 31 Sat | - | Catechism: HDC |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## 2009 October

| | |
|---|---|
| 01 Thu 02 Fri .. | Bangalore |
| 03 Sat ............. | Panavally - Franciscan Ashram |
| 04 Sun .............. | Pookottumpadam : Laying of Foundation Stone of New Church. |
| 05 Mon 11 Sun .. | Pune, Young Priests' Course |
| 12 Mon 19 Mon . | Mumbai : Mission Congress |
| 20 Tue ............ | Kalpetta : Save Farmers' Meeting |
| 21 Wed Morning | WSSS Governing Body |
| Afternoon | Kalpetta : Fathima Matha Hospital, Inauguration of the New Block |
| 22 Thu 23 Fri ... | Out of Station |
| 24 Sat Morning | Kaniyaram |
| Afternoon | Kunjhome : Blessing of Chapel |
| 25 Sun 26 Mon .. | Bangalore : Silver Jubilee of the Indian Foundation of Camillus Fathers |
| 27 Tue .............. | Engaged |
| 28 Wed ............ | Visitors' Day |
| 29 Thu ............. | Bathery : Vestition and First Profession of MSMI Novices |
| 30 Fri .............. | Out of Station |
| 31 Sat .............. | Panavally : Blessing of Church |

## *2009 November*

| | |
|---|---|
| 01 Sun ............. | Nilambur : Blessing of Cemetary Chapel |
| 02 Mon 10 Tue .. | Out of Station |
| 11 Wed 12 Thu.. | Punallur |
| 13 Fri ............... | Out of Station |
| 14 Sat ............... | Kunnoth Good Shepered Seminary |
| 15 Sun ............... | Adikolly : Pastoral visit |
| 16 Mon ............. | Visitors' Day |
| 17 Tue ............... | Out of Station |
| 18 Wed ............ | Thonichal, Silver Jubile of Kristu Dasi Sisters. |
| 20 Fri ................ | Out of Station |
| 22 Sun ............... | Town Church, Celebration of Priestly Year |
| 23 Mon ............. | Visitors' Day |
| 24 Tue ............... | Presbyteral Council |
| 25 Wed ............. | Bathery : MSMI Vocation Promoters' Meet |
| 26 Tue ............... | Kartikulam : Divine Providence Seminary, Parents' Day |
| 27 Fri ................ | Out of Station |
| 28 Sat ................ | Minor Seminary : Home Day |
| 29 Sun ............... | Minor Seminary : Benefactors' Day |
| 30 Mon ............. | Visitors' Day |




# THE PRIESTHOOD AND MARY

*Whoever enters into a specially close relationship to Christ, thereby enters also upon a specially close relationship to His Mother Mary. The words which our dying divine savior spoke from the cross, "Woman, behold thy Son; Son, behold thy mother", were addressed directly to a priest of the Catholic Church, to the apostle John; and in and through him they apply in the first place to all priests of our Lord Jesus Christ...*

**Joseph Cardinal Frings**

